2024 സെപ്റ്റംബർ 19 വ്യാഴാഴ്ച
1200 കന്നി 3 ഉത്രട്ടാതി 4¼ രേവതി 57⅛ ദ്വിതീയ 45⅞
1946 ഭാദ്രം 28 • 1446 റബീഉൽ അവ്വൽ 15

മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം

*തീയാളിച്ച് അടുത്തനിമിഷം കാറ്റായണയ്ക്കുക.
അതാണ് പൊതുജനാഭിപ്രായം.
വിലകല്പിക്കേണ്ടതില്ല*

- റേച്ചൽ ഫീൽഡ്



• അമേരിക്കൻ എഴുത്തുകാരി

# ആപത്കരമായ 'ബുൾഡോസർ' നീതി

കേസുകളിൽ കുറ്റാരോപിതരാകുന്നവരുടെ വീടുകളും മറ്റു വസ്തുവകകളും ബുൾഡോസർ ഉപയോഗിച്ചു തകർക്കുന്നതു ചില സംസ്ഥാനസർക്കാരുകൾ അടുത്തകാലത്ത് പ്രവർത്തനരീതിയുടെ ഭാഗമാക്കിയിട്ടുണ്ട്. അന്യായമായ ശിക്ഷനടപ്പാക്കലിന് ആ ഉപകരണത്തെ വിനിയോഗിക്കുന്നതിനെ 'ബുൾഡോസർ രാജ്' എന്നാണു മാധ്യമങ്ങൾ വിശേഷിപ്പിച്ചത്. ഉത്തർപ്രദേശിലെ യോഗി ആദിത്യനാഥ് സർക്കാരാണ് ഈ രീതി പ്രയോഗിച്ചുതുടങ്ങിയതും ഏറ്റവുംകൂടുതൽ നടപ്പാക്കിയതും. പിന്നീട് ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങി മറ്റുചില സംസ്ഥാനങ്ങളും അതു പിൻപറ്റി.

രാജസ്ഥാനിൽ ഈയിടെ നടന്ന സംഭവം നോക്കാം. ഉദയ്പുരിൽ ന്യൂനപക്ഷസമുദായത്തിൽപ്പെട്ട പത്താംക്ലാസുകാരൻ ഇതരമതസ്ഥനായ സഹപാഠിയെ കുത്തിപ്പരിക്കേൽപ്പിച്ചു. പരിക്കേറ്റ കുട്ടി മൂന്നുദിവസം കഴിഞ്ഞപ്പോൾ മരിച്ചു. സംസ്ഥാനഭരണകൂടം കുട്ടിയെയും പിതാവിനെയും അറസ്റ്റുചെയ്യുകയും അവരുടെ വീട് ബുൾഡോസർ ഉപയോഗിച്ച് തകർക്കുകയുംചെയ്തു. വീടുപൊളിച്ചതിന് അധികാരികൾ പറഞ്ഞ ന്യായീകരണം അതു നിൽക്കുന്നത് വനഭൂമിയിലാണ് എന്നായിരുന്നു. ഇപ്പോഴാണോ അതു കണ്ടെത്തിയത്? ഒരു വ്യക്തി ചെയ്ത കുറ്റത്തിന് കുടുംബത്തെ ഒന്നടങ്കം ഭവനരഹിതമാക്കുന്നതു നീതിയാണോ?

മേൽപ്പറഞ്ഞ മാതൃകയിലാണ് വീടും കെട്ടിടങ്ങളും ബുൾഡോസർകൊണ്ടു തകർക്കുന്ന അനേകം സംഭവങ്ങൾ വിവിധ സംസ്ഥാനങ്ങളിലായി കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നടന്നിട്ടുള്ളത്. കെട്ടിടം അനധികൃതമെന്നു ന്യായംപറഞ്ഞു പൊളിക്കുന്നതാണു പതിവ്. ഇത്തരത്തിലുള്ള എല്ലാ 'ബുൾഡോസർ നടപടി'കളും ഒക്ടോബർ ഒന്നുവരേക്ക് നിർത്തിവെക്കാനാണ് സുപ്രീംകോടതി ചൊവ്വാഴ്ച സംസ്ഥാനസർക്കാരുകളോട് ആവശ്യപ്പെട്ടത്. ജാമിയത്ത് ഉലമ ഇ ഹിന്ദ് എന്ന സംഘടനയും മറ്റുചിലരും നൽകിയ ഹർജികൾ പരിഗണിച്ചാണ് ഉത്തരവ്. ജസ്റ്റിസുമാരായ ബി.ആർ. ഗവായിയും കെ.വി. വിശ്വനാഥനുമടങ്ങിയ ബെഞ്ച് ഒക്ടോബർ ഒന്നിന് ഹർജികളിൽ വീണ്ടും വാദംകേൾക്കും.

**കുപ്രസിദ്ധമായ ഏറ്റുമുട്ടൽക്കൊലകളെ അനുസ്മരിപ്പിക്കുന്ന നിയമബാഹ്യശിക്ഷാനടപടിയാണ് ബുൾഡോസർ ഉപയോഗിച്ചുള്ള കെട്ടിടംതകർക്കൽ. കുറ്റംചെയ്തവരെ ശിക്ഷിക്കാൻ നിയമാനുസൃതപ്രക്രിയകളുണ്ട്. അതിനെ മറികടന്നുകൊണ്ട് നീതികെട്ടതും സത്വരവുമായ ശിക്ഷ നടപ്പാക്കാൻ ഭരണകൂടത്തിന് അധികാരമില്ല**

മുഖപ്രസംഗം കേൾക്കാൻ, ക്യു.ആർ.കോഡ് സ്കാൻ ചെയ്യുക
www.mathrubhumi.com/podcast/editorial

കേസുകളിൽ പ്രതിസ്ഥാനത്തുള്ളവരുടെയോ ശിക്ഷിക്കപ്പെട്ടവരുടെയോ പാർപ്പിടം പൊളിക്കാൻ നിയമം അനുശാസിക്കുന്നില്ലെന്ന് ഈമാസം രണ്ടിന് ഇതേ ഹർജികൾ പരിഗണിക്കവേ സുപ്രീംകോടതി നിരീക്ഷിച്ചിരുന്നു. അനധികൃതകെട്ടിടങ്ങൾക്കെതിരേ നടപടിയെടുക്കുന്നതിനു ദേശീയതലത്തിൽ ബാധകമായ ഏകീകൃത മാർഗരേഖ ആവിഷ്കരിക്കാൻ സുപ്രീംകോടതി ആലോചിക്കുന്നതായി അന്ന് ജസ്റ്റിസ് കെ.വി. വിശ്വനാഥൻ പറയുകയുണ്ടായി. നിശിതമായ ഭാഷയിലാണ് ബെഞ്ച് അന്ന് 'ബുൾഡോസർ നടപടി'യെക്കുറിച്ചു നിരീക്ഷണങ്ങൾ നടത്തിയത്. അതിന്റെ തുടർച്ചയായിരുന്നു ചൊവ്വാഴ്ചത്തെ ഇടക്കാല വിലക്ക്.

കുപ്രസിദ്ധമായ ഏറ്റുമുട്ടൽക്കൊലകളെ അനുസ്മരിപ്പിക്കുന്ന നിയമബാഹ്യശിക്ഷാനടപടിയാണ് ബുൾഡോസർ ഉപയോഗിച്ചുള്ള കെട്ടിടംതകർക്കൽ. കുറ്റംചെയ്തവരെ ശിക്ഷിക്കാൻ നിയമാനുസൃതപ്രക്രിയകളുണ്ട്. അതിനെ മറികടന്നുകൊണ്ട് നീതികെട്ടതും സത്വരവുമായ ശിക്ഷ നടപ്പാക്കാൻ ഭരണകൂടത്തിന് അധികാരമില്ല. ബുൾഡോസർ നടപടിക്കെതിരായ ഹർജികൾ പരിഗണിക്കവേ സുപ്രീംകോടതി ധ്വനിപ്പിച്ചതും അതുതന്നെ.

പ്രതികരണം

## കേരളത്തിലെ വയോജനങ്ങൾക്കു വേണ്ടത്

**പി. പ്രകാശൻ,** കുമാരനല്ലൂർ, കോട്ടയം

എഴുപതുകഴിഞ്ഞവർക്കുള്ള സൗജന്യ ചികിത്സാപദ്ധതി സ്വാഗതാർഹമാണ്. എന്നാൽ, കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണ് നമുക്കുവേണ്ടത്. നമ്മുടെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ താരതമ്യേന നല്ലനിലയിൽ പ്രവർത്തിക്കുന്നതാണ്. അതിന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തിയാൽ വയോജനങ്ങൾക്ക് വീടിന് സമീപം ചികിത്സ ലഭ്യമാക്കാം (കേന്ദ്രപദ്ധതിയിൽ പി.എച്ച്.സി.കൾ ഉൾപ്പെടുന്നില്ല). വയോജനങ്ങൾക്ക് നിരന്തര ചികിത്സ ആവശ്യമായിവരും. ദീർഘകാല രോഗങ്ങൾക്ക് നിരന്തരം മരുന്നു കഴിക്കേണ്ടിവരും. വീട്ടുചികിത്സയാണ് വേണ്ടിവരുക. അത് ഈ പദ്ധതിയിൽ വരുന്നില്ല. ഫിസിയോ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സയും പാലിയേറ്റീവ് ചികിത്സയുമൊക്കെയാണ് വയോജനങ്ങളിൽ കൂടുതൽപ്പേർക്ക് ആവശ്യംവരുക. അത് നൽകാൻ പി.എച്ച്.സി.കൾക്കാണ് കഴിയുക. നമ്മുടെ സർക്കാർ ആശുപത്രികളിൽ നഴ്സ്, അറ്റൻഡർമാർ എന്നിവരുടെ എണ്ണം കുറവാണ്. ഇന്ന് നമ്മുടെ വയോജനങ്ങളുടെകൂടെ ആശുപത്രികളിൽ നിൽക്കേണ്ടിവരുന്നവരും വയോജനങ്ങൾ തന്നെയാണ്. സ്കാനിങ്, എക്സ്‌റേ പരിശോധനകൾ തുടങ്ങിയവയ്ക്കായി രോഗികളെ കൊണ്ടുപോകുന്നതിന് ആവശ്യമായ സഹായം സർക്കാർ ആശുപത്രികളിൽ വേണ്ടത്ര ലഭ്യമല്ല.



പോഷകാഹാരക്കുറവാണ് വയോജനങ്ങൾ നേരിടുന്ന വലിയ ഒരു പ്രശ്നം. അങ്കണവാടി കുട്ടികൾക്ക് 'അമൃതം' പൊടി എന്ന സമീകൃതാഹാരംപോലെ വയോജനങ്ങൾക്കും ഒരു 'അമൃതം' പദ്ധതി ആവശ്യമാണ്. നിലവിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വയോജനസൗഹൃദ പദ്ധതികൾ പഠിച്ച് വേണ്ടത്ര മാറ്റംവരുത്തി കാര്യക്ഷമമായി നടപ്പാക്കിയാൽത്തന്നെ വയോജനങ്ങൾക്ക് പ്രയോജനപ്രദമാക്കാം. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരുകാര്യം വയോജന ആരോഗ്യപ്രശ്നങ്ങൾ നേരിടാൻ ജെറിയാട്രിക് വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കേണ്ടതുണ്ട്. ഇന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമാണ് ഇതിന് പ്രത്യേകവിഭാഗമുള്ളത് എന്നാണ് അറിയുന്നത്. ഈ പദ്ധതിയുടെ മൊത്തം ചെലവിൽ 13 ശതമാനം മാത്രമാണ് കേന്ദ്രവിഹിതം. അതുകൊണ്ട് കേന്ദ്രവിഹിതം ഒഴിവാക്കി സംസ്ഥാനം ചെലവാക്കുന്ന തുക കൂടുതൽ ഫലപ്രദമായി ചെലവാക്കുകയാണ് ഉചിതം.

മുഖ്യധാരയിലെ വലിയ പാർട്ടികളുടെ രാഷ്ട്രീയത്തെ ഗ്രാമങ്ങളിൽ ശക്തികേന്ദ്രമുറപ്പിച്ച ചെറുപാർട്ടികളും അവയുടെ പ്രാദേശികനേതാക്കളും നിയന്ത്രിക്കുന്ന സവിശേഷസാഹചര്യമാണ് കശ്മീരിൽ കാണുന്നത്

# കശ്മീരിൽ കരുക്കൾ നീക്കാൻ എൻജിനിയർ റഷീദ്



▶ ജമ്മു-കശ്മീരിലെ ടാംഗ് മാർഗിൽ അവാമി ഇത്തെഹാദ് പാർട്ടിയുടെ എം.പി.യും നേതാവുമായ എൻജിനിയർ റഷീദ് തിരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ തിരഞ്ഞെടുപ്പ് ചിഹ്നമായ പ്രഷർകുക്കർ ഉയർത്തിക്കാട്ടുന്നു. സ്ഥാനാർഥികൾ സമീപം |ഫോട്ടോ- പി.ജി. ഉണ്ണികൃഷ്ണൻ

ഗുൽമാർഗിൽനിന്ന്
**മനോജ് മേനോൻ**

വൻമീനുകളെ ചെറുമീനുകൾ വിഴുങ്ങുന്ന വിചിത്രപ്രതിഭാസമാണ് ഇക്കുറി ജമ്മു-കശ്മീരിന്റെ തിരഞ്ഞെടുപ്പു രാഷ്ട്രീയം. മുഖ്യധാരയിലെ വൻകിട പാർട്ടികളുടെ രാഷ്ട്രീയത്തെ ഗ്രാമങ്ങളിൽ ശക്തികേന്ദ്രമുറപ്പിച്ച ചെറുപാർട്ടികളും അവയുടെ പ്രാദേശികനേതാക്കളും നിയന്ത്രിക്കുന്ന സവിശേഷസാഹചര്യം. നിയമസഭാ തിരഞ്ഞെടുപ്പുഫലം നിശ്ചയിക്കുന്നതിൽ ഈ ചെറുപാർട്ടികൾക്കും സ്വതന്ത്രസ്ഥാനാർഥികൾക്കും നിർണായക പങ്കുണ്ടാകും.

ഇതിൽ പ്രധാനം എൻജിനിയർ റഷീദ് നേതൃത്വം നൽകുന്ന അവാമി ഇത്തെഹാദ് പാർട്ടിയാണ്. ഭീകരവാദപ്രവർത്തനത്തിന് ഫണ്ടുനൽകിയെന്ന കേസിൽ അഞ്ചുവർഷമായി ജയിലിൽക്കഴിയുന്ന റഷീദ് കഴിഞ്ഞദിവസമാണ് തിഹാർ ജയിലിൽനിന്ന് പുറത്തുവന്നത്. സ്വന്തം പാർട്ടിയായ എ.ഐ.പി.ക്കുവേണ്ടി തിരഞ്ഞെടുപ്പ് പ്രചാരണം നടത്താനായി റഷീദിന് ഒക്ടോബർ രണ്ടുവരെ സുപ്രീംകോടതി ജാമ്യം നൽകിയിരിക്കുകയാണ്. ഇക്കഴിഞ്ഞ ലോക്‌സഭാ തിരഞ്ഞെടുപ്പിൽ ജയിലിൽക്കിടന്ന് മത്സരിച്ച് നാഷണൽ കോൺഫ്രൻസ് നേതാവ് ഒമർ അബ്ദുള്ളയെ നാലരലക്ഷം വോട്ടുകൾക്ക് പരാജയപ്പെടുത്തിയ റഷീദ് ബാരാമുള ജില്ലയിലും പരിസരങ്ങളിലുമുള്ള സ്വാധീനമുറപ്പിച്ചാണ് മുഖ്യധാരാ പാർട്ടികൾക്ക് വെല്ലുവിളി തീർക്കുന്നത്.




അതേസമയം, കശ്മീരിൽ കാര്യമായി സ്വാധീനമില്ലാത്ത ബി.ജെ.പി., എൻജിനിയർ റഷീദ് ഉൾപ്പെടെയുള്ള സ്വതന്ത്രപാർട്ടി നേതാക്കളുമായി രഹസ്യധാരണയുണ്ടാക്കിയിരിക്കുന്നെന്ന ആരോപണം ഇന്ത്യസഖ്യവും പി.ഡി.പി.യും ശക്തമായി ഉയർത്തുന്നുണ്ട്. റഷീദ് ബി.ജെ.പി.യുടെ പ്രോക്സി സ്ഥാനാർഥിയാണെന്ന് അവർ ആരോപിക്കുന്നു. ബി.ജെ.പി.വിരുദ്ധ വോട്ടുകൾ ചിതറിക്കാനുള്ള ബി.ജെ.പി.യുടെ തന്ത്രമാണിതെന്ന് ഒമർ അബ്ദുള്ളയും മെഹബൂബാ മുഫ്തിയും വിമർശിക്കുന്നു.

ഈ ആരോപണങ്ങൾ തള്ളിക്കളയുന്ന എൻജിനിയർ റഷീദ് ആദ്യഘട്ടം വോട്ടെടുപ്പിന് തൊട്ടുമുൻപ് ജമാഅത്ത് ഇ ഇസ്ലാമിയുമായി തിരഞ്ഞെടുപ്പ് സഖ്യമുണ്ടാക്കി മറ്റൊരുനീക്കവും നടത്തി. ഈ സഖ്യവും വിമർശനമുനയിലാണ്. എൻജിനിയർ റഷീദുമായി ബന്ധമുണ്ടെന്ന ആരോപണം ബി.ജെ.പി. തള്ളിക്കളയുന്നുണ്ട്. എന്നാൽ, കശ്മീരിലെ 19 മണ്ഡലങ്ങളിൽ മാത്രം സ്വന്തം സ്ഥാനാർഥികളെ മത്സരിപ്പിക്കുന്ന ബി.ജെ.പി. ഇപ്രാവശ്യം ബാക്കിയുള്ള മണ്ഡലങ്ങളിൽ സ്വതന്ത്രരെയാണ് പിന്തുണയ്ക്കുന്നത്. ഈ സ്വതന്ത്രർ ബി.ജെ.പി.യുടെ പ്രോക്സികളാണെന്ന് ഇന്ത്യസഖ്യം പറയുന്നു.

ജമ്മു-കശ്മീരിന്റെ പൂമൈതാനമെന്ന് വിളിക്കുന്ന ഗുൽമോഹറിനടുത്തുള്ള ടാംഗ് മാർഗെന്ന ചെറുപ്രദേശത്തുവെച്ചാണ് എൻജിനിയർ റഷീദിനെ കണ്ടത്. തണുപ്പ് പ്രതീക്ഷിച്ചെത്തുന്നവരെ നിരാശയിലാഴ്ത്തി കശ്മീരിപ്പോൾ പുതയ്ക്കുന്ന പകൽവെയിൽകാഞ്ഞ് ആൾക്കൂട്ടം. യുവാക്കളാണേറെയും. ചിലർ കാവ കുടിക്കുന്നു, ചിലർ ചായയും. അവർക്കിടയിലേക്ക് ഉച്ചയ്ക്ക് പന്ത്രണ്ടരകഴിഞ്ഞപ്പോൾ അവാമി ഇത്തെഹാദ് പാർട്ടി നേതാവ് എൻജിനിയർ റഷീദും നേതാക്കളും കടന്നുവന്നു. പാർട്ടി ചിഹ്നമായ പ്രഷർ കുക്കറുംപേറി പ്രവർത്തകരും അണിനിരന്നു.

വാഹനത്തിനു മുകളിൽ കയറിനിന്ന് എൻജിനിയർ റഷീദ് പ്രസംഗിക്കുമ്പോൾ തിങ്ങിനിറഞ്ഞ ആൾക്കൂട്ടം കൈയടിക്കുന്നു. കശ്മീരി ഭാഷയിൽ മുന്നേറുന്ന പ്രസംഗത്തിനിടയിൽ ഹിന്ദിയും കടന്നുവരുന്നുണ്ട്. 30 മിനിറ്റിലേറെനീണ്ട പ്രസംഗത്തിനുശേഷം മാധ്യമപ്രവർത്തകരോട് വെവ്വേറെ സംസാരിച്ച് അടുത്തവേദിയിലേക്ക് യാത്ര.

**? തിരഞ്ഞെടുപ്പിൽ താങ്കളുടെ പാർട്ടിയുടെ സാധ്യതകൾ എന്തൊക്കെയാണ്**

നിങ്ങൾ ചുറ്റുപാടും നോക്കൂ. ജനങ്ങൾ അവരുടെ വോട്ട് ഉറപ്പിച്ചുകഴിഞ്ഞു. ഞങ്ങൾ വിജയിക്കും. ഈ തിരഞ്ഞെടുപ്പിൽ നിർണായകമാകാൻ പോകുന്നത് ജമ്മു-കശ്മീർ അവാമി പാർട്ടിയാണ്. ഞങ്ങളുടെ വിജയത്തെക്കുറിച്ച് എനിക്ക് ഉറപ്പുണ്ട്. മോദിയുടെ രാഷ്ട്രീയത്തെ പ്രതിരോധിക്കുക, അഴിമതി തടയുക, സാധാരണക്കാർക്കുവേണ്ടി പ്രവർത്തിക്കുക എന്നിവയാണ് ഞങ്ങളുടെ പ്രധാന അജൻഡ.

**? താങ്കൾ ബി.ജെ.പി.യുടെ പ്രോക്സി സ്ഥാനാർഥിയാണെന്നാണ് എതിർപക്ഷത്തിന്റെ ആരോപണം. എന്തുപറയുന്നു**

തെറ്റായ ആരോപണങ്ങളാണിത്. പരാജയഭീതിമൂലം സൃഷ്ടിക്കുന്നതാണ്. ബി.ജെ.പി.യുടെ നയങ്ങളുടെ ഇരയായ ഒരാൾ എങ്ങനെയാണ് ബി.ജെ.പി.യുടെ പ്രോക്സിയാകുന്നത്. ഇത്തരം ആരോപണങ്ങൾക്ക് മറുപടി പറയുക എന്റെ ദൗത്യമല്ല. ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയാണ് എന്റെ ദൗത്യം. സമാധാനപരമായ രാഷ്ട്രീയമാർഗങ്ങളിലൂടെയാണ് ഞങ്ങളുടെ പോരാട്ടം. ഞങ്ങൾ ആരുടെയും പാവയല്ല. ഞങ്ങൾ പൗരസമൂഹത്തെ സമീപിക്കും. നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് പോരാടും.

**? അനുച്ഛേദം പിൻവലിച്ചതാണല്ലോ ഇക്കുറി തിരഞ്ഞെടുപ്പിൽ പ്രധാന ചർച്ചാവിഷയം. ഇക്കാര്യത്തിൽ താങ്കളുടെ നിലപാട് എന്താണ്**

കേന്ദ്രഭരണപ്രദേശം സൃഷ്ടിച്ച് ജമ്മു-കശ്മീരിനെ സംസ്ഥാന പദവിയിൽനിന്ന് കേന്ദ്രം തരംതാഴ്ത്തുകയായിരുന്നു. നിങ്ങൾ ഒരിക്കലും കശ്മീരികളെ കേൾക്കുന്നില്ല എന്നാണെനിക്ക് മോദിയോടും അമിത് ഷായോടും പറയാനുള്ളത്. ഞങ്ങളെ മനുഷ്യരായി പരിഗണിക്കൂ. ഞങ്ങൾ ഈ രാജ്യത്തിന്റെ ശത്രുക്കളല്ല. ഈ രാജ്യം പുരോഗമിക്കണമെന്നതാണ് ഞങ്ങളുടെ ആഗ്രഹം.

# "ഉപ്പിന് ഉപ്പുണ്ടോ?

നിർഭാഗ്യവശാൽ നമ്മുടെ കേരളത്തിൽ രാഷ്ട്രീയരംഗം അതിവേഗം അരാഷ്ട്രീയവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്



**എം.എൻ. കാരശ്ശേരി**

അങ്ങനെ നമ്മുടെ നാട്ടിൽ പഴയൊരു ചോദ്യമുണ്ട്: ഉപ്പിന് ഉപ്പുണ്ടോ?

ഉപ്പിന് അതിന്റെ ഉപ്പുരസം നഷ്ടപ്പെട്ടാൽ അത് പരിശോധിക്കാനോ തിരിച്ചറിയാനോ മാർഗമില്ല എന്ന് ഓർമ്മിപ്പിക്കുന്നതിനുവേണ്ടിയാണ് പഴമക്കാർ ഈ ചോദ്യം ചോദിച്ചിരുന്നത്. ഒരു വസ്തുവിന് അതിന്റെ സ്വലക്ഷണം നഷ്ടപ്പെട്ടുകഴിഞ്ഞാൽ പിന്നെ അതിനെ മനസ്സിലാക്കാൻ പ്രയാസമാവും എന്നർഥം.

നിർഭാഗ്യവശാൽ നമ്മുടെ കേരളത്തിൽ രാഷ്ട്രീയരംഗം അതിവേഗം അരാഷ്ട്രീയവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ എന്ന ബേജാറിൽനിന്നാണ് എനിക്ക് മേൽപ്പറഞ്ഞ ചൊല്ല് ഓർമ്മയായത്.

ഒന്നാലോചിച്ചുനോക്കൂ, ഇപ്പോൾ നമ്മുടെ പോലീസ് സേനയുടെ സമുന്നതസ്ഥാനത്തിരിക്കുന്ന എ.ഡി.ജി.പി. എം.ആർ. അജിത്കുമാറിനെതിരേ വകതിരിവുള്ള ആരും ഞെട്ടിത്തരിച്ചുപോകുന്ന അളവിലുള്ള ഗുരുതരമായ ആരോപണങ്ങൾ ഉയർന്നിരിക്കുന്നു. അദ്ദേഹം കൊലപാതകത്തിന് കൂട്ടുനിന്നിരിക്കുന്നു, സ്വർണം കള്ളക്കടത്തിന് ഒത്താശചെയ്തുകൊടുക്കുന്നു, മന്ത്രിമാരടക്കമുള്ളവരുടെ ഫോൺ ചോർത്തുന്നു, കുറ്റവാളിസംഘങ്ങളുമായി നിരന്തരം സഹകരിക്കുന്നു, ഏതോ ഉന്നതരെ രക്ഷിക്കാൻവേണ്ടിയാവാം, കേന്ദ്രം ഭരിക്കുന്ന മുന്നണിയുടെ ശക്തിസ്രോതസ്സായ ആർ.എസ്.എസിന്റെ നേതാക്കളുമായി പലവട്ടം രഹസ്യചർച്ച നടത്തിയിരിക്കുന്നു. ഇതിനൊക്കെ കൂട്ട് മുഖ്യമന്ത്രിയുടെ രാഷ്ട്രീയകാര്യദർശി പി. ശശിയാണ് എന്നും ആവലാതിയുണ്ട്.

ഇതൊന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ പറയാറുള്ളപോലെ ഭരണമുന്നണിക്ക് നേതൃത്വംകൊടുക്കുന്ന സി.പി.എമ്മിനെപ്പറ്റി 'ഒരു ചുക്കും അറിയാത്ത' മാധ്യമങ്ങളുടെ സൃഷ്ടിയല്ല; 'കമ്യൂണിസ്റ്റ് വിരോധം തലയ്ക്കുപിടിച്ച' പ്രതിപക്ഷകക്ഷികളുടെ ഭാവനാവിലാസങ്ങളുമല്ല; പകരം ഭരണപക്ഷത്തെ സ്വതന്ത്ര എം.എൽ.എ.യായ പി.വി. അൻവറാണ്. എല്ലാറ്റിനും തന്റെ കൈയിൽ തെളിവുണ്ട് എന്ന് ഒരു എം.എൽ.എ. പറയുന്നത് നിസ്സാരകാര്യമാണോ?

എം.എൽ.എ. പറഞ്ഞതിന്റെ ഉൾസാരം ലളിതമാണ്. മുഖ്യമന്ത്രിയുടെ ആപ്പീസ് കേന്ദ്രമാക്കി അനേകം കുറ്റകൃത്യങ്ങൾ നടക്കുന്നു; 'ആദരണീയനും' 'നീതിമാനും' ആയ അദ്ദേഹം അതൊന്നും അറിയുന്നില്ല. മുഖ്യമന്ത്രി വിശ്വസിച്ച് കാര്യങ്ങൾ ഏൽപ്പിച്ചവർ ആ 'സാധു' മനുഷ്യനെ വഞ്ചിക്കുകയാണ്.

ഇതേപ്പറ്റിയെല്ലാം അന്വേഷിക്കാൻ സർക്കാർ ഏർപ്പാടാക്കിയിരിക്കുന്നത് എ.ഡി.ജി.പി.യുടെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെത്തന്നെയാണ്. കുറ്റാരോപിതരെ സ്ഥാനത്തുനിന്നു മാറ്റിവേണം അത്തരം അന്വേഷണം. അതാണ് സാമാന്യബുദ്ധിയും നാട്ടുനടപ്പും. അല്ലാത്തത് വെളിവില്ലായ്മയാണ്.

ആർ.എസ്.എസുമായി ചർച്ചനടത്തുന്നത് ഒരു പാതകമാണോ?

അല്ല, കഴിഞ്ഞ 99 കൊല്ലമായി ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് ആർ.എസ്.എസ്. അവരുമായി ഇതിനുമുൻപും സി.പി.എം. ചർച്ചനടത്തിയിട്ടുണ്ട്. അതിന്റെ മധ്യസ്ഥൻ ആത്മീയരംഗത്തു പ്രവർത്തിക്കുന്ന ശ്രീ എം ആയിരുന്നു. അതും രഹസ്യചർച്ചയായിരുന്നു. ഒട്ടേറെ മാസങ്ങൾ കഴിഞ്ഞാണ് വാർത്ത പുറത്തുവന്നത്.

ജനാധിപത്യത്തിൽ ചർച്ച വളരെ പ്രധാനപ്പെട്ട രാഷ്ട്രീയപ്രവർത്തനമാണ്. ആർക്കും ആരുമായും ചർച്ചനടത്താം, നടത്തണം. പക്ഷേ, അത് പരസ്യമായിരിക്കണം, സത്യസന്ധമായിരിക്കണം. നാട്ടുകാർ അറിയാൻപാടില്ലാത്ത എന്തൊക്കെയോ ഒളിച്ചുവെക്കാനാണ് ചർച്ചകൾ രഹസ്യമായി നടത്തുന്നത്. അത് ജനവിരുദ്ധമാണ്.



പി.വി. അൻവർ ഉന്നയിച്ച പ്രശ്നങ്ങളിൽ ചർച്ചയാവേണ്ട വിഷയം പലതുണ്ടെങ്കിലും ഇപ്പോൾ നമ്മുടെചുറ്റും ഉയർന്നുകേൾക്കുന്നത് അജിത്കുമാർ ആർ.എസ്.എസുമായി പലവട്ടം സ്വകാര്യചർച്ച നടത്തിയ കാര്യമാണ്. അതും വിശകലനവിധേയമാവേണ്ടതുതന്നെ.

ഞാൻ ആവർത്തിക്കുന്നു. ആർ.എസ്.എസുമായി ചർച്ചനടത്തുന്നതിൽ യാതൊരു അപാകവുമില്ല. ആശയവിനിമയത്തിലൂടെയാണ് ജനാധിപത്യത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നത്, അല്ലാതെ അങ്കംവെട്ടിയിട്ടല്ല.

ജനാധിപത്യരാഷ്ട്രീയത്തിൽ ആയുധം വാക്കാണ്; വാൾ അല്ല. ഈ സാഹചര്യത്തിൽ ഉയർന്നുവരുന്ന പ്രസക്തമായ ചില ചോദ്യങ്ങൾ:

1. അജിത്കുമാർ ഉന്നതനായ പോലീസുദ്യോഗസ്ഥനാണ്; രാഷ്ട്രീയനേതാവല്ല. അദ്ദേഹത്തിന് ഒരു സംഘടനക്കാരുമായും ഒരു ചർച്ചയും നടത്തേണ്ട കാര്യമില്ല. അദ്ദേഹം ശമ്പളം വാങ്ങുന്നത് ക്രമസമാധാനപാലനത്തിനാണ്. അതിന്റെ ഭാഗമായി വല്ലവരോടും സംസാരിച്ചെങ്കിൽ അത് രഹസ്യമാക്കിവെക്കാൻ പാടുണ്ടോ? അത് അറിയാൻ ജനങ്ങൾക്ക് അവകാശമില്ലേ?

2. ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയുടെ അറിവോ അനുവാദമോ ഇല്ലാതെ ഉന്നതതലത്തിലുള്ള ഒരു സംഭാഷണം നടക്കും എന്ന് കരുതുന്നത് ബുദ്ധിയാവില്ല. എങ്കിൽ എന്തുകൊണ്ടാണ് ആ പോലീസുദ്യോഗസ്ഥൻ അക്കാര്യം തുറന്നുപറയാത്തത്? അത് ജനങ്ങളെ അറിയിക്കുന്നത് ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമല്ലേ!

ഈ കൂട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരംപറയേണ്ട ചോദ്യങ്ങൾ വേറെയുണ്ട്:

1. ആർ.എസ്.എസുമായി ബന്ധപ്പെട്ടു എന്ന വകയിൽ മുൻകാലത്തെ ഉന്നതരായ പോലീസ് ഉദ്യോഗസ്ഥരായിരുന്ന ടി.പി. സെൻകുമാറും ജേക്കബ് തോമസും എത്രയൊക്കെ സഹിച്ചു! ആ നിലപാട് അജിത്കുമാറിന് ബാധകമല്ലാത്തത് എന്തുകൊണ്ടാണ്?

2. കേരളത്തിലെ സി.പി.എമ്മിന്റെ സമുന്നത നേതാവ് ഇ.പി. ജയരാജന് ഇടതുമുന്നണി കൺവീനർസ്ഥാനം നഷ്ടപ്പെട്ടത് ബി.ജെ.പി. നേതാവുമായി രഹസ്യസംഭാഷണം നടത്തിയതിനാണ്. ആ മാനദണ്ഡം എന്തുകൊണ്ടാണ് ഒരു പോലീസുദ്യോഗസ്ഥന് ബാധകമല്ലാത്തത്.

മുഖ്യമന്ത്രിയെപ്പറ്റി എ.ഡി.ജി.പി.യും എ.ഡി.ജി.പി.യെപ്പറ്റി മുഖ്യമന്ത്രിയും അർഥഗർഭമായി മൗനംപാലിക്കുന്നതിൽനിന്ന് സാമാന്യമായി ഊഹിക്കാവുന്നത് ഇത്രയുമാണ്. ജനങ്ങളുടെയോ ഭരണമുന്നണിയുടെയോ സി.പി.എമ്മിന്റെയോ ആവശ്യത്തിനല്ല, മറ്റാരുടെയോ വ്യക്തിപരമായ ആവശ്യത്തിനാണ് എ.ഡി.ജി.പി.-ആർ.എസ്.എസ്. കൂടിക്കാഴ്ച നടന്നത്.

പാർട്ടിക്കാർക്കിടയിലും ഭരണമുന്നണിക്കാർക്കിടയിലും ഇക്കാര്യത്തിൽ വളരെ ക്ഷോഭം പ്രത്യക്ഷമായിട്ടും എന്തുകൊണ്ട് മുഖ്യമന്ത്രി സത്യം തുറന്നുപറയുന്നില്ല. രാഷ്ട്രീയനേതാക്കന്മാരുടെയും ഉദ്യോഗസ്ഥരുടെയും വർത്തമാനവും പെരുമാറ്റവും സുതാര്യമായിരിക്കണം. അപ്പോൾമാത്രമേ നീതി ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. അത്തരം നീതിബോധത്തിന്റെ പേരാണ് രാഷ്ട്രീയം. അതിൽനിന്ന് ഒഴിഞ്ഞുമാറുന്നതിനെയാണ് അരാഷ്ട്രീയം എന്നുപറയുക.

ഇപ്പോൾ കേരളത്തിൽ കാലുറപ്പിച്ചുകൊണ്ടിരിക്കുന്ന അരാഷ്ട്രീയതയ്ക്കു ചെറിയൊരു ഉദാഹരണം കാണിക്കാം:

ഇക്കഴിഞ്ഞ ലോക്‌സഭാ തിരഞ്ഞെടുപ്പിന്റെ മൂന്നാംഘട്ടത്തിൽ ഇന്ത്യയിലെ ഒരേയൊരു കമ്യൂണിസ്റ്റു മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തിനുപുറത്ത് നരേന്ദ്രമോദിയുടെ ദുർഭരണത്തിനെതിരേ പ്രസംഗിക്കാനോ പ്രവർത്തിക്കാനോ നിൽക്കാതെ വിദേശരാജ്യങ്ങളിലേക്ക് സകുടുംബം യാത്രപോയി! ആർക്കും മനസ്സിലാക്കാനോ വിശദീകരിക്കാനോ കഴിയാത്ത ആ അരാഷ്ട്രീയത തിരിച്ചറിഞ്ഞിട്ടാവാം, സി.പി.എം. നേതാവ് എ.കെ. ബാലൻ അതിനെ 'ഏഴാം ദിവസം വിശ്രമിച്ച ദൈവത്തിന്റെ പ്രവൃത്തി'യോട് ഉപമിച്ചുകളഞ്ഞത്!

മുഖ്യമന്ത്രികൂടി പ്രതിപ്പട്ടികയിലുള്ള ലാവലിൻ കേസ് ചരിത്രത്തിൽ അദ്ഭുതംസൃഷ്ടിച്ചുകൊണ്ട് അനന്തമായി നീട്ടിവെക്കുന്നതിനെ അദ്ദേഹത്തിന്റെ പാർട്ടിയിൽ ആരും തിരിച്ചറിയാത്തതിന്റെ പേരാണ് അരാഷ്ട്രീയത.

കേരളത്തിൽവന്ന് സംസ്ഥാന മുഖ്യമന്ത്രിയെ ഉദ്ദേശിച്ച്, ഒരു പേരും പറയാതെ, 'സ്വർണക്കള്ളക്കടത്തു നടത്തുന്നത് ആരാണ് എന്നൊക്കെ എല്ലാവർക്കും അറിയാം' എന്നു പ്രസംഗിക്കുന്ന പ്രധാനമന്ത്രിയോട് അറിയാമെങ്കിൽ നടപടിയെടുക്കാത്തതെന്ത് എന്ന് അദ്ദേഹത്തിന്റെ പാർട്ടിക്കാർ ചോദിക്കാത്തതിന്റെ പേരാണ് അരാഷ്ട്രീയത.

കൊള്ളരുതായ്മ മറ്റുപാർട്ടിക്കാരുടേതാകുമ്പോൾ തുറന്നെതിർക്കുകയും സ്വന്തം പാർട്ടിക്കാരുടേതാകുമ്പോൾ വാക്കുകൊണ്ട് അനുകൂലിക്കുകയോ മൗനംകൊണ്ട് അനുവദിക്കുകയോ ചെയ്യുന്നതിന്റെ പേരാണ് അരാഷ്ട്രീയത.

'ഈ കൈകൾ ശുദ്ധമാണ്' എന്ന് ആവർത്തിക്കുന്ന മുഖ്യമന്ത്രി നിർണായകസന്ദർഭങ്ങളിൽ മൗനംപാലിക്കുന്നതിന്റെ പൊരുളെന്താണ് എന്ന് അദ്ദേഹത്തിന്റെ പാർട്ടിക്കാരും മുന്നണിക്കാരും ആലോചിക്കാൻ ധൈര്യപ്പെടാത്ത ദുരവസ്ഥയാണ് നമുക്കുചുറ്റും പുലരുന്നത്.

കഷ്ടം! കുപ്രസിദ്ധമായ ക്രിമിനൽക്കേസുകളിൽ പ്രതികളായ യുവതികളും അധികാരരാഷ്ട്രീയത്തിന്റെ ഇടനാഴികളിൽ പതുങ്ങിനടക്കുന്ന ദല്ലാൾമാരും കൊടുംകുറ്റവാളികളുടെ കൂട്ടുകച്ചവടക്കാരായ പോലീസ് മേധാവികളും ഭരണകൂടത്തിന്റെ നയങ്ങളെയും രാഷ്ട്രീയനേതാക്കളുടെ നിലപാടുകളെയും നിയന്ത്രിക്കുന്ന അരാഷ്ട്രീയകാലത്തിലൂടെയാണ് കേരളം കടന്നുപോകുന്നത്.

പ്രതികരണം

പത്രാധിപർ, പ്രതികരണം, മാതൃഭൂമി, മഞ്ഞുമ്മൽ, കൊച്ചി - 683501 | mbichn@mpp.co.in

## ഇന്ത്യൻ റെയിൽവേയുടെ പകൽക്കൊള്ള



**രമേഷ് അമ്പലപ്പുഴ,** പുണെ

'തീവണ്ടികൾ നിറഞ്ഞോടുന്നു; മറുനാടൻ മലയാളികൾ വലയുന്നു' എന്ന വാർത്തകണ്ടു.

കഴിഞ്ഞ ഫെബ്രുവരിമുതൽ മിക്കവാറും പുണെയിൽനിന്ന് നാട്ടിലേക്ക് പലവട്ടം ട്രെയിനിൽ യാത്രചെയ്ത ഒരാളാണ് ഞാൻ. പുണെയിൽനിന്ന് നാട്ടിലേക്ക് നിത്യവുമുള്ള ഒരേയൊരു ട്രെയിനാണ് കന്യാകുമാരി എക്സ്പ്രസ്. എപ്പോൾ നോക്കിയാലും ഏതു ക്ലാസിലും ഇതിൽ ടിക്കറ്റ് കിട്ടില്ല, എല്ലാം വെയിറ്റിങ് ലിസ്റ്റിലാണ്. തത്കാൽ ആണെങ്കിൽ ഒരിക്കലും ഓൺലൈനിൽ നമ്മുക്ക് കിട്ടില്ല, പേരൊക്കെ എഴുതിവരുമ്പോൾ, ഉള്ള ടിക്കറ്റ് നിറഞ്ഞുപോകും.

കഴിഞ്ഞദിവസത്തെ അനുഭവം പറയാം. കൊല്ലത്തുനിന്നു പുണെക്ക് കന്യാകുമാരി എക്സ്പ്രസിൽ രണ്ടുടിക്കറ്റ് ഓൺലൈനിൽ നോക്കി, കിട്ടിയില്ല. നേരേ പരവൂർ റെയിൽവേ സ്റ്റേഷൻ ടിക്കറ്റ് കൗണ്ടറിൽപ്പോയി. അവിടെനിന്നു പറഞ്ഞു, ഒരു ക്ലാസിലും ഒരിടത്തുനിന്നും ടിക്കറ്റ് ഇല്ല എന്ന്. എന്നാൽ, ഒരു സുഹൃത്തിന്റെ ഏജന്റ് മുഖാന്തരം തേഡ് എ.സി.യിൽ ടിക്കറ്റുകൾ കിട്ടി. അയാൾക്ക് നല്ലൊരു തുക കമ്മിഷൻ ഇനത്തിൽ കൊടുക്കേണ്ടതായും വന്നു. അത്യാവശ്യക്കാരന് ഔചിത്യമില്ലല്ലോ.

ശനിയാഴ്ച ട്രെയിനിൽ കയറിയപ്പോൾ പലസീറ്റിലും ആളില്ല, കാലിയാണ്. പലയിടത്തും കയറിയിറങ്ങി, മിക്ക എ.സി.യിലും ഇതുതന്നെ സ്ഥിതി. ഇത് റെയിൽവേയുടെ ഒത്തുകളിയാണെന്ന് നിസ്സംശയം പറയാം. ടിക്കറ്റ് കൂടിയനിരക്കിൽ താത്കാലിൽ പോകാനും ഏജന്റിനുവേണ്ടിയും ടിക്കറ്റ് ബ്ലോക്ക് ചെയ്തുവെക്കുന്നു. സെൻട്രൽ റെയിൽവേയുടെ ഈ പകൽക്കൊള്ള അവസാനിപ്പിക്കണം.

## സൗജന്യ ആരോഗ്യ ഇൻഷുറൻസ്

### രജിസ്ട്രേഷൻ ഉടൻ

എഴുപതു കഴിഞ്ഞവർക്കു അഞ്ചുലക്ഷം രൂപയുടെ പരിരക്ഷ

**കോഴിക്കോട്►** എഴുപതു വയസ്സു കഴിഞ്ഞവർക്ക് അഞ്ചുലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ സൗജന്യമായി നൽകുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയിലേക്കുള്ള രജിസ്ട്രേഷൻ തിങ്കളാഴ്ചമുതൽ ആരംഭിക്കുമെന്ന് സൂചന.

ഔദ്യോഗികപ്രഖ്യാപനം അടുത്തദിവസം ഉണ്ടാവും. 23-ന് രാവിലെ രജിസ്ട്രേഷൻ പ്രഖ്യാപനം നടത്തുമെന്നും സൂചനയുണ്ട്. ഡിജിറ്റൽസേവ പൊതുസേവന കേന്ദ്രങ്ങൾ (സി.എസ്.സി.) വഴിയും അക്ഷയകേന്ദ്രങ്ങൾ വഴിയും രജിസ്ട്രേഷൻ സാധ്യമായേക്കും.

സംസ്ഥാനത്ത്, 70 വയസ്സു കഴിഞ്ഞവരുടെ എണ്ണം സംബന്ധിച്ച് സർക്കാരിന്റെ കൈവശം കൃത്യമായ രേഖകളില്ല. കേന്ദ്രത്തിൽനിന്നു വിഹിതം നേടിയെടുക്കാൻ കൃത്യമായ കണക്കു വേണ്ടതിനാലാണ് രജിസ്ട്രേഷനിലൂടെ വിവരം ശേഖരിക്കുന്നത്.

ആയുഷ്മാൻ ഭാരതിനെ സംസ്ഥാന സർക്കാരിന്റെ കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ (കാസ്പ്) ലയിപ്പിച്ചാണു നടപ്പാക്കുന്നത്. സംസ്ഥാനം 1000 കോടിരൂപ ചെലവഴിക്കുമ്പോൾ 151 കോടി രൂപയാണു കേന്ദ്രം അനുവദിക്കുക.

**ആർക്കൊക്കെ ലഭിക്കും?**

70 വയസ്സിൽ കൂടുതലുള്ള എല്ലാ മുതിർന്ന പൗരർക്കും സാമൂഹിക-സാമ്പത്തികനില പരിഗണിക്കാതെ ആനുകൂല്യങ്ങൾ ലഭ്യമാകും. അർഹരായവർക്ക് പ്രത്യേക കാർഡ് വിതരണം ചെയ്താായിരിക്കും ആനുകൂല്യം ലഭ്യമാക്കുക.

**അർഹത അറിയാൻ**

1. https://pmjay.gov.in/ വെബ്സൈറ്റ് സന്ദർശിക്കുക.
2. ''Am I Eligible'' എന്ന സെക്ഷൻ തിരഞ്ഞെടുക്കുക.
3. മൊബൈൽ നമ്പറും കോഡും നൽകുക.
4. ഒ.ടി.പി. വെരിഫിക്കേഷൻ നടത്തുക.
5. ആവശ്യമായ വിവരങ്ങൾ നൽകിയശേഷം 'സബ്മിറ്റ്' ചെയ്യാം.

## എംപോക്സ്

### ജാഗ്രതാനിർദേശവുമായി ആരോഗ്യവകുപ്പ്



**തിരുവനന്തപുരം►** സംസ്ഥാനത്ത് എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്. ആഫ്രിക്കയിലെ പല രാജ്യങ്ങളിലുംപ്പെടെ എംപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങളിലും നിരീക്ഷണം ശക്തമാക്കിയിരുന്നു. മറ്റു രാജ്യങ്ങളിൽനിന്നെത്തുന്നവർ ഉൾപ്പെടെയുള്ളവർ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ചികിത്സ തേടണമെന്നും ആരോഗ്യവകുപ്പിനെ വിവരം അറിയിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു. എല്ലാ മെഡിക്കൽ കോളേജുകളിലും ചികിത്സാസൗകര്യമൊരുക്കിയിട്ടുണ്ട്.

**എന്താണ് എംപോക്സ്?**

തുടക്കത്തിൽ മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്ക് പകരുന്ന ജന്തുജന്യ രോഗമായിരുന്നു എംപോക്സ്. ഇപ്പോൾ മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് നേരിട്ട് പകരും. 1980-ൽ ലോകമെമ്പാടും ഉന്മൂലനം ചെയ്തെന്ന് പ്രഖ്യാപിച്ച ഓർത്തോപോക്സ് വൈറസ് അണുബാധയായ വസൂരിയുടെ ലക്ഷണങ്ങളുമായി എംപോക്സിന് സാദൃശ്യമുണ്ട്.

**രോഗപ്പകർച്ച**

കോവിഡോ എച്ച്1 എൻ1 ഇൻഫ്ലുവൻസയോ പോലെ വായുവിലൂടെ പകരുന്ന ഒരു രോഗമല്ല എംപോക്സ്. രോഗംബാധിച്ച വ്യക്തിയുമായി മുഖാമുഖം വരുക, നേരിട്ട് തൊലിപ്പുറത്ത് സ്പർശിക്കുക, ലൈംഗികബന്ധം, കിടക്ക, വസ്ത്രം എന്നിവ സ്പർശിക്കുക തുടങ്ങിയവയിലൂടെ രോഗം പകരാനുള്ള സാധ്യത വളരെയേറെ.

**ലക്ഷണങ്ങൾ**

പനി, തീവ്രമായ തലവേദന, കഴലവീക്കം, നടുവേദന, പേശിവേദന, ഊർജക്കുറവ് എന്നിവയാണ് പ്രാരംഭലക്ഷണം. പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ദേഹത്ത് കുമിളകളും ചുവന്ന പാടുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങും.

**പ്രതിരോധം**

അസുഖബാധിതരുമായി സുരക്ഷാമാർഗം അവലംബിക്കാതെ അടുത്തിടപഴകുന്നവർക്കാണ് എംപോക്സ് ഉണ്ടാകുക. രോഗികളെ പരിചരിക്കുന്ന ആരോഗ്യപ്രവർത്തകരും രോഗബാധിതരുടെ സ്രവങ്ങൾ കൈകാര്യം ചെയ്യുന്നവരും അണുബാധനിയന്ത്രണ മുൻകരുതൽ സ്വീകരിക്കണം.

### 'എൻ.പി.എസ്. വാത്സല്യ'ക്ക് തുടക്കം: പെൻഷൻഫണ്ട് ഇനി കുട്ടികൾക്കും

**ന്യൂഡൽഹി►** രക്ഷിതാക്കൾക്ക് പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച് കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ കേന്ദ്രസർക്കാരിന്റെ പുതിയ പദ്ധതി. 'എൻ.പി.എസ്. വാത്സല്യ' ക്ക് ധനമന്ത്രി നിർമലാ സീതാരാമൻ തുടക്കം കുറിച്ചു. എൻ.പി.എസ്. വാത്സല്യയിൽ രക്ഷിതാക്കൾക്ക് ഓൺലൈനിലൂടെ പണം നിക്ഷേപിക്കാം. അതല്ലെങ്കിൽ ബാങ്ക് ശാഖയെയോ പോസ്റ്റോഫീസിനെയോ സമീപിക്കാം. അക്കൗണ്ട് തുറക്കാൻ കുറഞ്ഞ തുക 1,000 രൂപയാണ്. അതിനുശേഷം പ്രതിവർഷം കുറഞ്ഞത് 1,000 രൂപ നിക്ഷേപിച്ചിരിക്കണം. നിക്ഷേപിക്കാവുന്ന തുകയ്ക്ക് ഉയർന്ന പരിധിയില്ല, എത്ര വരെയുമാകാം. 18 വയസ്സിന് താഴെയുള്ളവരുടെ പേരിലാണ് അക്കൗണ്ട് തുറക്കാൻ കഴിയുക. 18 വയസ്സ് തികയുമ്പോൾ സ്വമേധയാ സാധാരണ എൻ.പി.എസ്. അക്കൗണ്ടിലേക്കു മാറും. 60 വയസ്സ് തികയുമ്പോൾ മാത്രമേ അക്കൗണ്ടിൽനിന്ന് പെൻഷൻ ലഭിക്കൂ.

ആദ്യത്തെ മൂന്നുവർഷം പദ്ധതിയിൽനിന്ന് പണം പിൻവലിക്കാനാവില്ല. എന്നാൽ, ഇതിനുശേഷം പ്രത്യേക ആവശ്യങ്ങൾക്കായി അടച്ച തുകയുടെ 25 ശതമാനംവരെ പിൻവലിക്കാം. കുട്ടിക്ക് 18 വയസ്സായാൽ മൊത്തം തുക രണ്ടര ലക്ഷം രൂപയിൽ താഴെയാണെങ്കിൽ മുഴുവൻ തുകയും പിൻവലിക്കാം. അതിന് മുകളിലാണെങ്കിൽ 80 ശതമാനം ആന്വിറ്റി വാങ്ങാനുപയോഗിക്കണം.

## ട്രഷറിയിൽ കടുത്തനിയന്ത്രണം

# പണമില്ല



# ആനുകൂല്യങ്ങൾ മുടങ്ങും

**പ്രത്യേക ലേഖകൻ**
തിരുവനന്തപുരം

► ഓണം കഴിഞ്ഞതോടെ സാമ്പത്തികപ്രതിസന്ധി അതിരൂക്ഷമായതിനാൽ ട്രഷറിയിൽ കടുത്തനിയന്ത്രണം ഏർപ്പെടുത്തി സർക്കാർ. അഞ്ചുലക്ഷം രൂപയിൽ അധികമുള്ള ബില്ലുകൾ മാറിനൽകില്ല. നേരത്തേ 25 ലക്ഷമായിരുന്നു പരിധി. തദ്ദേശസ്ഥാപനങ്ങളെയും കരാറുകാരെയും നിയന്ത്രണം ബാധിക്കും. വിവിധ വകുപ്പുകളിലെ ആനുകൂല്യങ്ങളുടെ വിതരണത്തിലും കാലതാമസമുണ്ടാവും.

- അഞ്ചുലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ മാറില്ല
- തദ്ദേശസ്ഥാപനങ്ങളെയും കരാറുകാരെയും ബാധിക്കും

ബില്ലുകൾ മാറുന്നതിന് അഞ്ചുലക്ഷം എന്ന പരിധി തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമാണെന്ന് പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. സാമ്പത്തികവർഷത്തിന്റെ രണ്ടാം പകുതിയിലാണ് തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിപ്രവർത്തനങ്ങൾ തുടങ്ങാനാവുന്നത്. ഈ ഘട്ടത്തിൽ നിയന്ത്രണം വന്നാൽ പദ്ധതികൾ പലതും ഒഴിവാക്കേണ്ടിവരും.

സർക്കാരിന് പണം നൽകാനാവാത്ത സാഹചര്യത്തിൽ കരാറുകളുടെ ബില്ലുകൾ ബാങ്കുവഴി മാറാവുന്ന ബിൽ ഡിസ്കൗണ്ടിങ് സംവിധാനത്തിലും ആദ്യമായി നിയന്ത്രണം ഏർപ്പെടുത്തി.

ബാങ്കിൽനിന്ന് 90 ശതമാനം തുകവരെയാണ് കിട്ടിയിരുന്നത്. ഇനി അഞ്ചുലക്ഷം രൂപവരെയേ കിട്ടൂ. തദ്ദേശസ്ഥാപനങ്ങളിലെ കരാറുകാർക്കും ഇത് ബാധകമാണ്. പണം പിന്നീട് സർക്കാർ ബാങ്കുകൾക്ക് നൽകണം. ഇതിന് പലിശ കരാറുകാർതന്നെ നൽകണം.

**ട്രഷറിയിൽ വീണ്ടും പഴയ അവസ്ഥ**

ബില്ലുകൾ മാറുന്നതിന് നേരത്തേ അഞ്ചുലക്ഷമായിരുന്നു പരിധി. ഈവർഷം ജൂണിലാണ് അത് 25 ലക്ഷമാക്കി ഉയർത്തിയത്. സാമ്പത്തികപ്രതിസന്ധി തുടരുന്നതിനാൽ വീണ്ടും പഴയ അവസ്ഥയിലേക്ക് മടങ്ങിയിരിക്കുകയാണ് ട്രഷറി. ഡിസംബർവരെ ഇനി കടമെടുക്കാൻ ശേഷിക്കുന്നത് 1200 കോടി രൂപയാണ്. ഈ സാഹചര്യത്തിലാണ് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്.

### ഹരിയാണയിൽ താങ്ങുവിലയ്ക്ക് നിയമപരിരക്ഷ വാഗ്ദാനവുമായി കോൺഗ്രസ്

**ന്യൂഡൽഹി►** ജനപ്രിയ വാഗ്ദാനങ്ങളുമായി ഹരിയാണ നിയമസഭാ തിരഞ്ഞെടുപ്പ് പ്രകടനപത്രിക പുറത്തിറക്കി കോൺഗ്രസ്.

അധികാരത്തിലെത്തിയാൽ വിളകളുടെ താങ്ങുവിലയ്ക്ക് നിയമപരിരക്ഷ നൽകുമെന്ന് പ്രകടനപത്രിക പുറത്തിറക്കി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പ്രഖ്യാപിച്ചു.

300 യൂണിറ്റ് വരെ സൗജന്യ വൈദ്യുതി, 25 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ, 18 മുതൽ 60 വയസ്സ് വരെയുള്ള സ്ത്രീകൾക്ക് പ്രതിമാസം 2000 രൂപ, പാചകവാതക സിലിൻഡറിന് 500 രൂപ, ജാതി സെൻസസ് എന്നിവയാണ് പ്രധാന വാഗ്ദാനങ്ങൾ.

### അതിഷിയുടെ സത്യപ്രതിജ്ഞ ശനിയാഴ്ച

**ന്യൂഡൽഹി►** പുതിയ ഡൽഹി മുഖ്യമന്ത്രിയായി ആം ആദ്മി പാർട്ടി നേതാവ് അതിഷി ശനിയാഴ്ച സത്യപ്രതിജ്ഞ ചെയ്യും. ലെഫ്. ഗവർണർ വി.കെ. സക്സേനയാണ് സത്യപ്രതിജ്ഞാ തീയതി നിശ്ചയിച്ചത്.

ഇതുസംബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമുവിന് ലെഫ്. ഗവർണർ കത്തയച്ചതായി രാജ് നിവാസ് വൃത്തങ്ങൾ പറഞ്ഞു. കെജ്രിവാളിന്റെ രാജിക്കത്തും രാഷ്ട്രപതിക്ക് അയച്ചിട്ടുണ്ട്.

ഈമാസം 26-നും 27-നും നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കാൻ കഴിഞ്ഞദിവസം എ.എ.പി. തീരുമാനിച്ചിരുന്നു. അപ്പോൾ വിശ്വാസ വോട്ടെടുപ്പ് നടത്താനാണ് പദ്ധതി.




### ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിയമനം

## മൂന്ന് ശുപാർശകളിൽ മാറ്റംവരുത്തി

**ന്യൂഡൽഹി►** വിവിധ ഹൈക്കോടതികളിലേക്ക് ചീഫ് ജസ്റ്റിസുമാരെ നിയമിക്കാൻ സുപ്രീംകോടതി കൊളീജിയം നേരത്തേ നൽകിയ ശുപാർശയിൽ മാറ്റംവരുത്തി. കേന്ദ്രം നൽകിയ നിർണായക വിവരങ്ങൾ പരിഗണിച്ചാണ് നടപടിയെന്നാണ് സൂചന. ഡൽഹി ഹൈക്കോടതിയിലെ ജസ്റ്റിസ് സുരേഷ് കുമാർ കെയ്തിനെ ജമ്മു-കശ്മീർ ചീഫ് ജസ്റ്റിസാക്കാനാണ് നേരത്തേ ശുപാർശചെയ്തിരുന്നത്. എന്നാൽ, ജസ്റ്റിസ് കെയ്തിനെ മധ്യപ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആക്കാനാണ് പുതിയ ശുപാർശ. മേഘാലയ ചീഫ് ജസ്റ്റിസാക്കാൻ നേരത്തേ ശുപാർശചെയ്ത താഷി റാബ്സ്റ്റണെയാണ് ഇപ്പോൾ ജമ്മു-കശ്മീരിലേക്ക് നിർദേശിച്ചിരിക്കുന്നത്. നിലവിൽ ജമ്മു-കശ്മീർ ഹൈക്കോടതിയിലെ ജഡ്ജിയാണ് ജസ്റ്റിസ് താഷി. പഞ്ചാബ് ആൻഡ് ഹരിയാണ ഹൈക്കോടതിയിലെ ജസ്റ്റിസ് ജി.എസ്. സാന്ധാവാലിയയെ മധ്യപ്രദേശിലേക്കാണ് നേരത്തേ ശുപാർശചെയ്തതെങ്കിൽ ഹിമാചൽപ്രദേശിൽ ചീഫ് ജസ്റ്റിസാക്കാനാണ് പുതിയ നിർദേശം.

കൽക്കട്ട ഹൈക്കോടതിയിലെ ജസ്റ്റിസ് പ്രസന്ന മുഖർജിയെ മേഘാലയ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആക്കാനുള്ള ശുപാർശയും പുതിയ കൊളീജിയം പ്രമേയത്തിലുണ്ട്.

ഹൈക്കോടതികളിലേക്കുള്ള നിയമനങ്ങളും സ്ഥലംമാറ്റങ്ങളും സംബന്ധിച്ച കൊളീജിയം ശുപാർശകൾ സംബന്ധിച്ച ചില നിർണായകവിവരങ്ങൾ കേന്ദ്രം സുപ്രീംകോടതിയിൽ സമർപ്പിച്ചിരുന്നു.

## പശ്ചിമഘട്ടവിജ്ഞാപനം

### പരിസ്ഥിതി ദുർബലമേഖല

# വീണ്ടും കുറയ്ക്കാൻ കേരളം

**കേന്ദ്രത്തിന് റിപ്പോർട്ടുനൽകും**



**സ്വന്തം ലേഖകൻ**
തിരുവനന്തപുരം

► പശ്ചിമഘട്ട സംരക്ഷണത്തിന്റെ ഭാഗമായുള്ള കേന്ദ്രസർക്കാർ വിജ്ഞാപനത്തിലുള്ള പരിസ്ഥിതി ദുർബല മേഖലകൾ (ഇ.എസ്.എ.) കുറയ്ക്കാൻ കേരളം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടും. പഞ്ചായത്തുതലത്തിൽ തയ്യാറാക്കിയ രേഖകളും പരാതികളും ഉൾപ്പെട്ട റിപ്പോർട്ട് ഉടൻ കേന്ദ്രസർക്കാരിന് കൈമാറുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി.

ജൂലായ് 31-ന് പുറത്തിറങ്ങിയ കേന്ദ്രത്തിന്റെ പുനർവിജ്ഞാപനത്തിൽ 131 വില്ലേജുകളിലായി 9,993.7 ചതുരശ്ര കിലോമീറ്ററാണ് സംസ്ഥാനത്തെ പരിസ്ഥിതി ദുർബല മേഖല. നേരത്തേയിത് 123 വില്ലേജുകളായിരുന്നു.

ജനവാസപ്രദേശങ്ങളും തോട്ടങ്ങളും ജലാശയങ്ങളും ഒറ്റപ്പെട്ട വനപ്രദേശങ്ങളും ഒഴിവാക്കി സംരക്ഷിത വനപ്രദേശങ്ങളും റിസർവ് വനവും മാത്രമായി ഇ.എസ്.എ. ശുപാർശചെയ്യാൻ 2018-ൽ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. വനംവകുപ്പിൽനിന്നുള്ള ഭൂവിവരങ്ങളും സർവ്വേ ഓഫ് ഇന്ത്യയുടെ വിവരങ്ങളും പരിശോധിച്ച് 92 വില്ലേജുകളിലായി 8656.46 ചതുരശ്ര കിലോമീറ്റർ ഇ.എസ്.എ.യാക്കാൻ റിപ്പോർട്ടുതയ്യാറാക്കി പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിച്ചു. എന്നാൽ, കേന്ദ്രം അതംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

വീണ്ടും പരാതി ഉയർന്നതോടെ, വില്ലേജ്-വനാതിർത്തികൾ പരിശോധിച്ച് ജനവാസമേഖലകൾ ഒഴിവാക്കി ഇ.എസ്.എ. പ്രദേശങ്ങളിൽ വ്യക്തത വരുത്തി. അതനുസരിച്ച് 98 വില്ലേജുകളിലായി 8711.98 ചതുരശ്ര കിലോമീറ്ററാണ് ഇ.എസ്.എ. ആയി കണക്കാക്കിയിട്ടുള്ളത്. പഞ്ചായത്തുകൾ നിർദേശിച്ച ഭേദഗതികളോടെ പുതിയ റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കാനുള്ള ഒരുക്കത്തിലാണ് സർക്കാർ. പശ്ചിമഘട്ട സംരക്ഷണത്തിനുള്ള അന്തിമവിജ്ഞാപനത്തിൽ ഈ ശുപാർശകൾ കേന്ദ്രം പരിഗണിക്കുമെന്ന പ്രതീക്ഷയിലാണ് സർക്കാർ.

അതേസമയം, പരിസ്ഥിതി ദുർബല മേഖലയും പരിസ്ഥിതി ദുർബല സോണും ഒന്നാണെന്ന പ്രചാരണം നടക്കുന്നുണ്ടെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് ചൂണ്ടിക്കാട്ടി. കസ്തൂരിരംഗൻ റിപ്പോർട്ടനുസരിച്ചുള്ളതാണ് ഇ.എസ്.എ. സുപ്രീംകോടതി നിർദേശമനുസരിച്ച് സംരക്ഷിതവനപ്രദേശങ്ങളായ നാഷണൽ പാർക്കുകൾക്കും വന്യജീവി സങ്കേതങ്ങൾക്കും ചുറ്റുമുള്ള നിർദിഷ്ട ദൂരപരിധിയിൽ വനംവകുപ്പ് നിശ്ചയിച്ച മേഖലകളാണ് പരിസ്ഥിതി ദുർബല സോണുകളെന്നും സർക്കാർ വ്യക്തമാക്കി.

# വേണ്ടത് 18 ഭരണഘടനാ ഭേദഗതികൾ

**ന്യൂഡൽഹി►** 'ഒരുരാജ്യം, ഒറ്റ തിരഞ്ഞെടുപ്പ് പദ്ധതി' നിർദേശങ്ങൾ മുൻപും വന്നെങ്കിലും ഇത്തരമൊരു റിപ്പോർട്ടിന് അംഗീകാരം ലഭിക്കുന്നത് ആദ്യമായാണ്.

ഒരു രാജ്യം, ഒറ്റ തിരഞ്ഞെടുപ്പ് നടപ്പാക്കുന്നതിന് 18 ഭരണഘടനാ ഭേദഗതികളാണ് നിർദേശിച്ചത്. ചില ഭരണഘടനാ ഭേദഗതികൾക്കായി പാർലമെന്റ് പ്രത്യേകബിൽ പാസാക്കണം. ഒറ്റ വോട്ടർപട്ടികയും ഒറ്റ തിരിച്ചറിയൽ കാർഡുമുറപ്പാക്കാനുള്ള ഭരണഘടനാഭേദഗതിക്ക് പകുതി സംസ്ഥാനങ്ങളുടെ അംഗീകാരം വേണം.

**മറ്റ് പ്രധാന ശുപാർശകൾ:**

- ആർക്കും ഭൂരിപക്ഷം ലഭിക്കാത്ത ത്രിശങ്കുസഭ വരുകയോ അവിശ്വാസപ്രമേയത്തിലൂടെ പുറത്താവുകയോ ചെയ്താൽ ഇടക്കാല തിരഞ്ഞെടുപ്പ്.
- ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന്റെ കാലാവധി പൊതുതിരഞ്ഞെടുപ്പുവരെമാത്രം

**നിലവിലെ സ്ഥിതിയിൽ അപ്രായോഗികം**

ഭരണഘടനാഭേദഗതികൾ പാസാക്കണമെങ്കിൽ ലോക്സഭയിലും രാജ്യസഭയിലും മൂന്നിൽ രണ്ട് അംഗങ്ങളുടെ പിന്തുണവേണം. 543 അംഗ ലോക്സഭയിൽ 362 പേരുടെ പിന്തുണയുറപ്പാക്കുക അസാധ്യം.

**1951 മുതൽ 67 വരെ ഒരുമിച്ച്**

- സ്വാതന്ത്ര്യാനന്തരം രാജ്യത്ത് ലോക്സഭയിലേക്കും നിയമസഭകളിലേക്കും 1951-ലെ ആദ്യതിരഞ്ഞെടുപ്പു മുതൽ 1967 വരെ ഒരുമിച്ചായിരുന്നു തിരഞ്ഞെടുപ്പ്. പിന്നീട് പലകാരണങ്ങളാൽ സ്ഥിതിമാറി.
- 1999-ൽ കേന്ദ്ര നിയമകമ്മിഷൻ സമർപ്പിച്ച 170-ാമത് റിപ്പോർട്ടിൽ ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പുകൾ ഒരുമിച്ചാക്കാൻ നിർദേശിച്ചു.
- രണ്ടുഘട്ടങ്ങളിലായി ഒരുമിച്ച് തിരഞ്ഞെടുപ്പുനടത്താൻ 2015-ൽ പാർലമെന്ററി കമ്മിറ്റിയുടെ 79-ാമത് റിപ്പോർട്ടിലും നിർദേശിച്ചു.

**വിയോജിച്ച് പ്രതിപക്ഷം**

പ്രതിപക്ഷകക്ഷികൾ തീരുമാനത്തോട് വിയോജിക്കുന്നുണ്ട്. ജെ.ഡി.യു. സ്വാഗതംചെയ്തെങ്കിലും മറ്റൊരു പ്രധാനഭരണകക്ഷിയായ തെലുഗുദേശം നിലപാടുപറഞ്ഞിട്ടില്ല.

ഇന്ത്യപോലൊരു രാജ്യത്ത് ഒറ്റ തിരഞ്ഞെടുപ്പു മാത്രം നടത്തുന്നത് തീർത്തും അപ്രായോഗികമായ നടപടിയാണെന്ന് കോൺഗ്രസ് സംഘടനാകാര്യ ജനറൽസെക്രട്ടറി കെ.സി. വേണുഗോപാൽ പറഞ്ഞു. നിർദേശം ഭരണഘടനാവിരുദ്ധമാണെന്ന് സി.പി.ഐ. ജനറൽസെക്രട്ടറി ഡി. രാജ പറഞ്ഞു. ഫെഡറലിസത്തെ തകർക്കുന്നതാണ് നീക്കമെന്ന് അതേസമയം, ബി.എസ്.പി. നേതാവ് മായാവതി സർക്കാർ നീക്കത്തെ പിന്തുണച്ച് രംഗത്തെത്തി.

**എതിർത്തും അനുകൂലിച്ചും മുൻ ചീഫ് ജസ്റ്റിസുമാർ**

**ന്യൂഡൽഹി►** ഒരു രാജ്യം, ഒറ്റത്തിരഞ്ഞെടുപ്പ് സംവിധാനത്തെ ഹൈക്കോടതിയിലെ മൂന്ന് മുൻ ചീഫ് ജസ്റ്റിസുമാർ എതിർത്തെന്ന് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായ സമിതി റിപ്പോർട്ടിൽ വെളിപ്പെടുത്തൽ.

എന്നാൽ, സുപ്രീംകോടതിയിലെ മുൻ ചീഫ് ജസ്റ്റിസുമാരായ ദീപക് മിശ്ര, രഞ്ജൻ ഗൊഗോയ്, എസ്.എ. ബോബ്ഡെ, യു.യു. ലളിത് എന്നിവർ സംവിധാനത്തെ അനുകൂലിച്ചെന്നും പറയുന്നു.

ഡൽഹി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് അജിത് പ്രകാശ് ഷാ, കൽക്കട്ട ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ഗിരീഷ് ചന്ദ്രഗുപ്ത, മദ്രാസ് ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് സൻജിബ് ബാനർജി എന്നിവരാണ് എതിർപ്പറിയിച്ചത്.




► രാഹുൽഗാന്ധിക്കെതിരേ ബി.ജെ.പി. നേതാക്കളുടെ പ്രസ്താവനകളിൽ പ്രതിഷേധിച്ച് തിരുവനന്തപുരം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രകടനം. കെ.പി.സി.സി. പ്രസിഡന്റ് കെ. സുധാകരൻ എം.പി., ശശി തരൂർ എം.പി., മുൻമന്ത്രി വി.എസ്. ശിവകുമാർ, ഡി.സി.സി. പ്രസിഡന്റ് പാലോട് രവി തുടങ്ങിയവർ മുൻനിരയിൽ

## മന്ത്രിമാറ്റം

### നാളെ ശരദ് പവാർ പറയും

**കെ. പത്മജൻ**
കൊച്ചി

► എൻ.സി.പി.യിൽ മന്ത്രിമാറ്റം സംബന്ധിച്ച അന്തിമതീരുമാനം വെള്ളിയാഴ്ചയുണ്ടാവും. മന്ത്രിസ്ഥാനത്തുനിന്ന് എ.കെ. ശശീന്ദ്രനെ മാറ്റുന്നതു സംബന്ധിച്ച് പാർട്ടിക്കുള്ളിൽ ഭിന്നത രൂപപ്പെട്ട സാഹചര്യത്തിൽ ദേശീയാധ്യക്ഷൻ ശരദ് പവാർ വെള്ളിയാഴ്ച തീരുമാനം പറയും.

മന്ത്രി എ.കെ. ശശീന്ദ്രനെയും തോമസ് കെ. തോമസ് എം.എൽ.എ.യെയും എൻ.സി.പി. സംസ്ഥാന അധ്യക്ഷൻ പി.സി. ചാക്കോയെയും പവാർ ചർച്ചയ്ക്കായി മുംബൈയിലേക്കു വിളിച്ചു.

ശരദ് പവാർ പറഞ്ഞാൽ രാജിവെക്കാൻ എ.കെ. ശശീന്ദ്രൻ തയ്യാറാവും. എന്നാൽ, തുടർന്നും മന്ത്രിസ്ഥാനം പാർട്ടിക്ക് ലഭിക്കുമെന്നകാര്യത്തിൽ പി.സി. ചാക്കോ ഉറപ്പുനൽകണമെന്ന വാദമാണ് ശശീന്ദ്രൻ വിഭാഗം ഉന്നയിക്കുന്നത്. അവസാനഘട്ടത്തിലെ മന്ത്രിമാറ്റത്തിൽ സി.പി.എമ്മിൽ അതൃപ്തിയുണ്ട്.

മന്ത്രിയെ തീരുമാനിക്കാനുള്ള അവകാശം ഘടകകക്ഷികൾക്കാണെന്ന വാദമാണ് എൻ.സി.പി. നേതൃത്വം മുന്നോട്ടുവെക്കുന്നത്. ആളെ മാറ്റിയാൽ മന്ത്രിസ്ഥാനം കൈവിട്ടുപോകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിക്കൂടിയാണ് പി.സി. ചാക്കോ, ശരദ് പവാറിനെ വിഷയത്തിൽ ഇടപെടുവിച്ചിരിക്കുന്നത്. പവാറിൽനിന്ന് മന്ത്രിമാറ്റം സംബന്ധിച്ച കത്തുവാങ്ങി മുഖ്യമന്ത്രിക്ക് നൽകാനാണ് നീക്കം. ഇതോടെ സി.പി.എം. അനുകൂലനിലപാട് സ്വീകരിക്കുമെന്നാണ് പ്രതീക്ഷ.

എ.കെ. ശശീന്ദ്രന് എൻ.സി.പി. സംസ്ഥാന അധ്യക്ഷസ്ഥാനം നൽകിയേക്കും. സംസ്ഥാന പ്രസിഡന്റ്പദവി വിട്ടുകൊടുക്കുന്നതിന് ചാക്കോ വിഭാഗം തയ്യാറായേക്കും.

പാർട്ടി ജില്ലാ കമ്മിറ്റികളിൽ ഭൂരിഭാഗവും ചാക്കോ അനുകൂലികളുടെ കൈകളിലാണ്. അതിനാൽ പാർട്ടിയിൽ പ്രതിസന്ധിയുണ്ടാവില്ലെന്ന കണക്കുകൂട്ടിലിലാണ് നേതൃത്വം.

ചാക്കോയുമായി ഇടഞ്ഞുകഴിഞ്ഞിരുന്ന തോമസ് കെ. തോമസ് എം.എൽ.എ., ആലപ്പുഴയിൽ ചാക്കോ അനുകൂലിയായി തനിക്കെതിരേ പടനയിച്ചിരുന്ന റെജി ചെറിയാൻ, പാർട്ടിവിട്ട് കേരള കോൺഗ്രസിൽ ചേർന്നതോടെയാണ് ഔദ്യോഗിക നേതൃത്വവുമായി അടുക്കുന്നത്.

ഒന്നിച്ചുനീങ്ങിയിരുന്ന ചാക്കോ-ശശീന്ദ്രൻ വിഭാഗങ്ങൾക്കിടയിൽ പെട്ടെന്നാണ് വിള്ളലുണ്ടായത്. അത് മുതലെടുത്ത് ചക്കോയുമായി അടുക്കാൻ സാധിച്ചതോടെയാണ് തോമസ് കെ. തോമസിന് മന്ത്രിസ്ഥാനം കിട്ടാനുള്ള സാധ്യത തെളിഞ്ഞത്.

# രാഹുലിന്റെ നാക്ക് കരിച്ചുകളയണമെന്ന് ബി.ജെ.പി. എം.പി.

**മുംബൈ►** കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയുടെ നാക്ക് കരിച്ചുകളയണമെന്ന് ബി.ജെ.പി. രാജ്യസഭാംഗം അനിൽ ബോണ്ടെ. കഴിഞ്ഞ ദിവസം രാഹുലിന്റെ നാക്ക് മുറിക്കുന്നയാൾക്ക് 11 ലക്ഷംരൂപ വാഗ്ദാനംചെയ്ത് ബുൽധാനയിലെ ശിവസേന എം.എൽ.എ. സഞ്ജയ് ഗായക്വാഡ് വിവാദത്തിലായിരുന്നു.

ചൊവ്വാഴ്ച അമരാവതിയിൽ ഒരു ചടങ്ങിലായിരുന്നു ബോണ്ടെയുടെ പരാമർശം. 'നാവ് മുറിച്ചെടുക്കുന്നത് ശരിയല്ല. പക്ഷേ, സംവരണത്തിനെതിരേ രാഹുൽ പറഞ്ഞത് അപകടകരമാണ്. വിദേശത്തുപോയി ആരെങ്കിലും ഇത്തരത്തിൽ പറഞ്ഞാൽ അയാളുടെ നാവ് മുറിച്ചെടുക്കുന്നതിനുപകരം കരിച്ചുകളയുകയാണ് വേണ്ടത്.' -ബോണ്ടെ പറഞ്ഞു. ബോണ്ടെയുടെ പ്രസ്താവനയ്ക്കെതിരേ പ്രതിപക്ഷ കക്ഷികൾ രംഗത്തെത്തി. നടപടി ആവശ്യപ്പെട്ട് കോൺഗ്രസ് പ്രവർത്തകർ അമരാവതി പോലീസ് കമ്മിഷണർ ഓഫീസിന് മുൻപിൽ പ്രതിഷേധിച്ചു.

അതേസമയം, ശിവസേന എം.എൽ.എ. സഞ്ജയ് ഗായക്വാഡിന്റെ മറ്റൊരു പ്രസ്താവനയും വിവാദമായിരിക്കയാണ്. മുഖ്യമന്ത്രി ഏക്നാഥ് ഷിന്ദേ പങ്കെടുക്കുന്ന പരിപാടിയിലേക്ക് എത്തുന്ന 'കോൺഗ്രസ് പട്ടി'കളെ കുഴിച്ചുമൂടുമെന്നാണ് സാമൂഹികമാധ്യമങ്ങളിൽ പ്രചരിച്ച വീഡിയോയിൽ പറയുന്നത്.

**കോൺഗ്രസ് പരാതി നൽകി**

**ന്യൂഡൽഹി►** പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ ഭീകരവാദിയെന്ന് വിളിച്ച് അധിക്ഷേപിക്കുന്നെന്നും വധഭീഷണി മുഴക്കുന്നെന്നും ആരോപിച്ച് എൻ.ഡി.എ. നേതാക്കളുടെപേരിൽ ഡൽഹി പോലീസിന് കോൺഗ്രസ് പരാതി നൽകി.

ബി.ജെ.പി. നേതാക്കളായ കേന്ദ്രമന്ത്രി രവ്നീത് സിങ് ബിട്ടു, തർവിന്ദർ സിങ് മാർവാ, രഘുരാജ് സിങ് എന്നിവരും ശിവസേന എം.എൽ.എ. സഞ്ജയ് ഗയ്ക്വാഡുമാണ് രാഹുലിനെതിരേ വിവാദ പരാമർശങ്ങൾ നടത്തിയത്. രാജ്യത്തെ സമാധാനാന്തരീക്ഷം തകർക്കാനുള്ള നീക്കമാണ് നടക്കുന്നതെന്ന് പാർട്ടി ആരോപിച്ചു.

പായൽ സംസ്കരണത്തിന് പ്രത്യേക സംവിധാനം

# ഫോർട്ട്കൊച്ചി കടപ്പുറം ശുചീകരണത്തിന് പുതിയ പദ്ധതി


ഫോർട്ട്കൊച്ചി കടപ്പുറത്ത് മാലിന്യം നിറഞ്ഞപ്പോൾ

**ഫോർട്ട്കൊച്ചി▸** ഫോർട്ട്കൊച്ചി കടപ്പുറം ശുചീകരിക്കാൻ സ്ഥിരം സംവിധാനം വരുന്നു. പ്ലാൻ അറ്റ് എർത്ത് എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കാനാണ് തീരുമാനം. കൊച്ചിൻ ഹെറിറ്റേജ് സോൺ കൺസർവേഷൻ സൊസൈറ്റിയും, ഡി.ടി.പി.സി.യും ഇതിന് നേതൃത്വം നൽകും.

വിവിധ പ്രദേശങ്ങളിൽനിന്ന് ഒഴുകിയെത്തുന്ന പായലാണ് ഫോർട്ട്കൊച്ചിയിൽ വലിയ മാലിന്യപ്രശ്നമായി മാറുന്നത്. ഏതുകാലത്തും പായൽ ശല്യമുണ്ട്. വേമ്പനാട്ടുകായലിന്റെ കൈവഴികളിലൂടെ പോളപ്പായലും കുളവാഴപ്പായലുമൊക്കെ ഫോർട്ട്കൊച്ചിയിലേക്ക് എത്തുകയാണ്. ഇവയെ കൈകാര്യം ചെയ്യാനുള്ള വലിയ സംവിധാനം ഫോർട്ട്കൊച്ചിയിലില്ല. എന്നാൽ പ്ലാൻ അറ്റ് എർത്ത് എന്ന സ്ഥാപനത്തിൽ വിവിധ തരത്തിലുള്ള പായൽമാലിന്യം സംസ്കരിക്കാൻ സംവിധാനമുണ്ട്.

### പായൽ നീക്കാൻ സന്നദ്ധസേവകർ

കടപ്പുറത്തെ പായലും പ്ലാസ്റ്റിക്കും നീക്കുന്നതിന് പ്ലാൻ അറ്റ് എർത്ത് സന്നദ്ധ സേവകരുടെ സേവനം തേടും. എല്ലാ ദിവസവും മാലിന്യം ശേഖരിക്കും. മാലിന്യം അവിടെവെച്ച് തരംതിരിക്കും. പായൽ, പ്ലാസ്റ്റിക്, കുപ്പി, തെർമോക്കോൾ എന്നിങ്ങനെ വേർതിരിക്കും. ചാക്കുകളിൽ സംഭരിക്കുന്ന ഈ മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നതിന് കമ്പനികൾക്ക് കൈമാറും. പഴയ ചെരുപ്പുകൾ പ്രത്യേകമായി ശേഖരിക്കും.

ഇതുകൊണ്ട് കലാശില്പങ്ങൾ നിർമിക്കുന്ന കലാപ്രവർത്തനവും ഇതിന്റെ ഭാഗമായി നടക്കുമെന്ന് ഹെറിറ്റേജ് സോൺ കൺസർവേഷൻ സൊസൈറ്റി നോഡൽ ഓഫീസർ ബോണി തോമസ് പറഞ്ഞു. ശുചീകരണ പ്രവർത്തനങ്ങളുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാർഥികൾക്കും സഹകരിക്കാം.

### സാമൂഹിക പ്രതിബദ്ധതാ ഫണ്ട് ഉപയോഗിക്കും

കടപ്പുറം സ്ഥിരമായി വൃത്തിയാക്കുന്നതിന് വേണ്ടിവരുന്ന ചെലവുകൾക്ക് എച്ച്.സി.എൽ. ടെക് എന്ന കമ്പനിയുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ട് ഉപയോഗിക്കാനാണ് തീരുമാനം.

അതുകൊണ്ട് കോർപ്പറേഷനോ, കൺസർവേഷൻ സൊസൈറ്റിക്കോ വലിയ പണച്ചെലവുണ്ടാകില്ല.

കടപ്പുറത്ത് അടിഞ്ഞുകൂടുന്ന പായൽ ശേഖരിച്ച് അതിൽനിന്ന് ബയോമാസ് പെല്ലറ്റുകൾ നിർമിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിന്റെ ചെലവുകൾക്കും കമ്പനിയുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിക്കുമെന്ന് പദ്ധതിയുടെ ചുമതലക്കാരായ പ്ലാൻ അറ്റ് എർത്ത് സി.ഇ.ഒ. ലിയാസ് കരീം, സൊസൈറ്റി നോഡൽ ഓഫീസർ ബോണി തോമസ്, ഡി.ടി.പി.സി. സെക്രട്ടറി സതീഷ് മിറാൻഡ എന്നിവർ പറഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം വ്യാഴാഴ്ച രാവിലെ 7.30-ന് വാസ്കോഡ ഗാമ സ്ക്വയറിൽ നടക്കും.

## കെ.എം. റോയിയെ അനുസ്മരിച്ചു


കെ.എം. റോയ് ചരമവാർഷികവും അനുസ്മരണ സമ്മേളനവും പ്രൊഫ. എം.കെ. സാനു ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി▸** കെ.എം. റോയ് ഫൗണ്ടേഷൻ ഫോർ മീഡിയയുടെയും ചാവറ കൾച്ചറൽ സെന്ററിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച കെ.എം. റോയ് ചരമവാർഷികവും അനുസ്മരണസമ്മേളനവും പ്രൊഫ. എം.കെ. സാനു ഉദ്ഘാടനം ചെയ്തു. കെ.എം. റോയ് ഫൗണ്ടേഷൻ പ്രസിഡന്റ് എ. മാധവൻ അധ്യക്ഷനായി. മുൻ എം.പി.യും ട്രേഡ് യൂണിയൻ നേതാവുമായ അഡ്വ. തമ്പാൻ തോമസ് അനുസ്മരണപ്രഭാഷണം നടത്തി. പ്രൊഫ. കെ.വി. തോമസ്, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ്, എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് ആർ. ഗോപകുമാർ, സീനിയർ ജേണലിസ്റ്റ് എറണാകുളം ജില്ലാ പ്രസിഡന്റ് ആർ.എം. ദത്തൻ, അഡ്വ. മനു റോയ് എന്നിവർ പ്രസംഗിച്ചു.

## 'ഉണർവ്' പൂർവവിദ്യാർഥിസംഘടന ഓണാഘോഷം


പനമ്പുകാട് ഗവ. ഫിഷറീസ് സ്കൂൾ പൂർവ വിദ്യാർഥി സംഘടന 'ഉണർവി'ന്റെ ഓണാഘോഷവും വാർഷികാഘോഷവും മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. അക്ബർ ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി▸** പനമ്പുകാട് ഗവ. ഫിഷറീസ് സ്കൂൾ പൂർവ വിദ്യാർഥി അസോസിയേഷൻ 'ഉണർവി'ന്റെ നേതൃത്വത്തിൽ ഓണാഘോഷവും വാർഷികാഘോഷവും നടത്തി. പൊതുസമ്മേളനം മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. അക്ബർ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ് മുഖ്യപ്രഭാഷണം നടത്തി. പ്രതിമാസ കലാസന്ധ്യ പരിപാടി വയലിനിസ്റ്റ് വി.ഐ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. കെ.എം. ജോഷി അധ്യക്ഷനായി. പഞ്ചായത്ത് മെമ്പർമാരായ നിക്കോളാസ് ഡിക്കോത്ത, ബിജീഷ് ബാലകൃഷ്ണൻ, വിവേകാനന്ദ ചന്ദ്രിക സഭാ സെക്രട്ടറി എ.ബി. ഉദയകുമാർ, മദർ പി.ടി.എ. പ്രസിഡന്റ് രാധിക ഗണേഷ്, സി.വി. സാബു എന്നിവർ പ്രസംഗിച്ചു.

## കോൺഗ്രസ് വഞ്ചനാദിനം ആചരിച്ചു


കോൺഗ്രസ് പ്രവർത്തകർ കളമശ്ശേരിയിൽ നടത്തിയ പ്രതിഷേധപ്രകടനം



വൈറ്റില മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ പ്രതിഷേധപ്രകടനം മുൻ എം.പി. ഡോ. ചാൾസ് ഡയസ് ഉദ്ഘാടനം ചെയ്യുന്നു

**കളമശ്ശേരി▸** വയനാട് ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കള്ളക്കണക്കിലൂടെ ഫണ്ട് തട്ടിപ്പും ദുരുപയോഗവും നടത്തുന്നതായാരോപിച്ച് കളമശ്ശേരി ഈസ്റ്റ്, വെസ്റ്റ് മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ വഞ്ചനാദിനം ആചരിച്ചു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് മധു പുറക്കാട്, മണ്ഡലം പ്രസിഡന്റുമാരായ പി.എം. നജീബ്, ഷംസു തലക്കോട്ടിൽ, കെ.എം. പരീത്, എൻ.ആർ. ചന്ദ്രൻ, ജബ്ബാർ കുമ്മഞ്ചേരി, എം.എ. വഹാബ്, റിയാസ് പുളിക്കായത്ത്, കെ.യു. സിയാദ്, അൻവർ കുടിലിൽ എന്നിവർ പ്രതിഷേധപ്രകടനത്തിന് നേതൃത്വം നൽകി.

**കാഞ്ഞിരമറ്റം▸** വയനാട് ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഫണ്ട് ദുരുപയോഗം നടത്തുന്നതായും ദുരിതബാധിതർക്ക് അടിയന്തര സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്രസർക്കാർ അലംഭാവം കാണിക്കുന്നതായും ആരോപിച്ച് കോൺഗ്രസ് പ്രതിഷേധപ്രകടനം നടത്തി. പ്രകടനം അരയൻകാവ് കുരിശു പള്ളി ജങ്ഷനിൽനിന്ന് ആരംഭിച്ച് അരയൻകാവ് ടൗണിൽ സമാപിച്ചു. പ്രകടനം കർഷക കോൺഗ്രസ് ജില്ലാ പ്രസിഡന്റ് കെ.ജെ. ജോസഫ് ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് ആർ. ഹരി മുഖ്യപ്രഭാഷണം നടത്തി. മണ്ഡലം പ്രസിഡന്റ് സി.ആർ. ദിലീപ് കുമാർ, ബ്ലോക്ക് ഭാരവാഹികളായ കെ.എസ്. രാധാകൃഷ്ണൻ, സലിം അലി, സാജൻ ഇടമ്പാടം, ലീലാ ഗോപാലൻ, ജയശ്രീ പത്മാകരൻ, ജലജ മണിയപ്പൻ, ബിന്ദു സജീവ് തുടങ്ങിയവർ സംസാരിച്ചു.

**വൈറ്റില▸** വൈറ്റില മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ പ്രതിഷേധപ്രകടനം മുൻ എം.പി. ഡോ. ചാൾസ് ഡയസ് ഉദ്ഘാടനം ചെയ്തു. വൈറ്റില മണ്ഡലം പ്രസിഡന്റ് ബാബു കൊമരോത്ത് അധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ ആന്റണി പൈനുതറ, മേഴ്സി, നേതാക്കളായ ജോഷി പള്ളൻ, സേവ്യർ പി. ആന്റണി, ലിജ ഫ്രാൻസിസ്, മൈക്കിൾ പാവന, പി.എസ്. സാജു, കെ.എം. വിപിൻ, റാഫി വെമ്മട്ടിക്കര, ജോസഫ് കളത്തിപറമ്പിൽ, ജെറി പരവര, നയൻ സോളമൻ എന്നിവർ പ്രസംഗിച്ചു.

## കെ.ജി.കെ.എസ്. വാർഷികവും കുടുംബസംഗമവും


കെ.ജി.കെ.എസ്. തൃപ്പൂണിത്തുറ ശാഖാ വാർഷികം ഉദയംപേരൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സജിത മുരളി ഉദ്ഘാടനം ചെയ്യുന്നു

**ഉദയംപേരൂർ▸** കളരിപ്പണിക്കർ ഗണക കണിശസഭ തൃപ്പൂണിത്തുറ ശാഖാ വാർഷികവും കുടുംബസംഗമവും ഉദയംപേരൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സജിത മുരളി ഉദ്ഘാടനം ചെയ്തു. കെ.ജി.കെ.എസ്. ജില്ലാ പ്രസിഡന്റ് അനിൽകുമാർ, ദേശീയ മഹിളാസഭാ സെക്രട്ടറി രത്നം ശിവരാമൻ, രക്ഷാധികാരി ശിവൻ, ശാഖാ പ്രസിഡൻറ് ആനന്ദവല്ലി, സെക്രട്ടറി എം.പി. മോഹനൻ, സംസ്ഥാന സെക്രട്ടറി രാധ വിജയൻ, പഞ്ചായത്തംഗം ജയചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

## കഞ്ചാവുമായി പിടിയിൽ


ബാബുറാം

**കളമശേരി▸** ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽ കഞ്ചാവ് വിതരണം ചെയ്യുന്ന സംഘത്തിലെ ഒഡിഷ സ്വദേശി കളമശ്ശേരി പോലീസിന്റെ പിടിയിലായി. ഒഡിഷ ഗഞ്ചം സ്വദേശി ബാബുറാമി (38) നെയാണ് 1.54 കിലോ കഞ്ചാവുമായി കളമശ്ശേരി വട്ടേക്കുന്നം ഭാഗത്തുനിന്ന് പിടികൂടിയത്.

കളമശ്ശേരി സി.ഐ. ലത്തീഫ് എം.ബി., എസ്.ഐ. വിഷ്ണു വി., പോലീസുകാരായ ഷിബു, മാഹിൻ അബൂബക്കർ, ഡ്രൈവർ ആദർശ് എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.

## കട ആക്രമിച്ചവർക്കെതിരേ നടപടി വേണം

**പള്ളുരുത്തി▸** പള്ളുരുത്തി നടയിൽ കൂൾഡ്രിങ്ക്സ്, സ്റ്റേഷനറി കടയ്ക്ക് നേരേ ആക്രമണം നടത്തിയ സമൂഹ വിരുദ്ധർക്കെതിരേ നടപടി വേണമെന്നാവശ്യപ്പെട്ട് വ്യാപാരി വ്യവസായി ഏകോപന സമിതി പള്ളുരുത്തി യൂണിറ്റ്, പോലീസിന് പരാതി നൽകി. സി.എൽ. മോഹനൻ എന്നയാളുടെ കടയാണിത്. മദ്യപിച്ചെത്തിയവർ കടയിലെ ഫർണിച്ചറുകൾ നശിപ്പിച്ചെന്നും കടയുടമയെ മർദിച്ചെന്നും പരാതിയിൽ പറയുന്നു. കുറ്റക്കാർക്കെതിരേ നടപടി വേണമെന്ന് യൂണിറ്റ് പ്രസിഡന്റ് പി.സി. സുനിൽകുമാർ ആവശ്യപ്പെട്ടു.

### സിനിമ

**എരമല്ലൂർ സാനിയ DTS A/C**
0478-2564443
Screen-1
കിഷ്കിന്ദാകാണ്ഡം (M) : 11.15am, 2.45pm, 6.15, 9.30
Screen-2
ARM (M): 11.30am, 3.00pm, 6.15, 9.30

### വൈദ്യുതി മുടങ്ങും

**ചേരാനല്ലൂർ▸** കെ.എസ്.ഇ.ബി. ചേരാനല്ലൂർ സെക്ഷൻ പരിധിയിലുള്ള ഷാപ്പുപടി മുതൽ ചിറ്റൂർ ക്ഷേത്രം വരെയുള്ള പ്രദേശങ്ങളിൽ വ്യാഴാഴ്ച 9 മുതൽ 2 വരെ വൈദ്യുതി മുടങ്ങും.

ചിലയിടത്ത് രാത്രിയും തെളിയാതെ വഴിവിളക്ക്

തുതിയൂരിൽ പകൽ മുഴുവൻ കത്തി വിളക്കുകൾ

# കെ.എസ്.ഇ.ബി. മാജിക്


കാക്കനാട് തുതിയൂർ മേഖലയിൽ പകലും കത്തുന്ന തെരുവുവിളക്കുകൾ

**കാക്കനാട്▸** പട്ടാപ്പകലും കണ്ണടയ്ക്കാതെ തൃക്കാക്കരയിൽ തെരുവു വിളക്കുകൾ. ദിവസങ്ങളോളം തുടർച്ചയായി കത്തിക്കൊണ്ടിരുന്നിട്ടും തിരിഞ്ഞുനോക്കാത്ത കെ. എസ്.ഇ.ബി.യുടെ 'ഫ്യൂസ്' സമൂഹമാധ്യമങ്ങളിലൂടെ ഊരുകയാണ് നാട്ടുകാർ. കാക്കനാട് തുതിയൂർ പ്രദേശത്തെ തെരുവുവിളക്കുകൾ സമയം തെറ്റി പ്രകാശിക്കുന്നതിനെതിരേയാണ് പ്രദേശവാസികൾ പ്രതിഷേധം കടുപ്പിച്ചത്.

പല സ്ഥലങ്ങളിലും രാത്രി നേരേചൊവ്വേ വഴിവിളക്കുകൾ തെളിയാത്തതിലുള്ള അമർഷം പുകയുന്നതിനിടെയാണ് മറ്റു ചിലയിടത്ത് കെ.എസ്.ഇ.ബി. പകലും വിളക്ക് കെടുത്താത്തത്.

തൃക്കാക്കര നഗരസഭയാണ് ഇതിനായും കറന്റ് ബിൽ അടയ്ക്കേണ്ടിവരുന്നത്. ടൈമർ സംവിധാനം തകരാറിലായതാണ് പ്രതിസന്ധിക്ക് കാരണമെന്ന് കെ.എസ്.ഇ.ബി.യുടെ വിശദീകരണം.

തൃക്കാക്കരയുടെ പ്രധാന റോഡുകളിൽ തെരുവുവിളക്കുകൾക്ക് പ്രത്യേക മീറ്റർ സംവിധാനവും ടൈമറും ക്രമീകരിച്ചിരിക്കുന്നത് കെ.എസ്.ഇ.ബി.യാണ്. ഇതിനായി നഗരസഭ നേരത്തേ തന്നെ ഫണ്ട് വകുപ്പിന് കൈമാറിയിട്ടുണ്ട്.

അറ്റകുറ്റപ്പണി നടത്തേണ്ടത് നഗരസഭയുടെ ചുമതലയാണ്. എന്നാൽ തെരുവ് വിളക്കിലേക്ക് കണക്ഷൻ നൽകേണ്ടതും എല്ലാ ദിവസവും തെരുവ് വിളക്ക് ഓഫ് ചെയ്യുന്നതും ഓൺ ചെയ്യേണ്ടതും കെ. എസ്.ഇ.ബി.യുടെ ഉത്തരവാദിത്വമാണെന്ന് നഗരസഭാ അധികൃതരും വ്യക്തമാക്കി.

## റോജർ സോഫ്റ്റ് ക്രിക്കറ്റ് കാർണിവലിന് നാളെ തുടക്കം

**കൊച്ചി▸** റോജർസോഫ്റ്റ് ടെക്നോളജീസും ഡിസ്കവർ സ്പോർട്സ് കളക്ടീവും ചേർന്ന് നടത്തുന്ന ക്രിക്കറ്റ് കാർണിവൽ റോജർസോഫ്റ്റ് കപ്പിന് വെള്ളിയാഴ്ച തുടക്കമാകും. 20, 21, 22 തീയതികളിലായി ഇടപ്പള്ളി കളിക്കളം ടർഫിലാണ് മത്സരങ്ങൾ നടക്കുക. 32 കോർപ്പറേറ്റ് കമ്പനികൾ ടൂർണമെന്റിൽ പങ്കെടുക്കും.

## റെസിഡെൻസ് അസോസിയേഷൻ കുടുംബസംഗമം

**കാഞ്ഞിരമറ്റം▸** കീച്ചേരി പ്ലാപ്പിള്ളി റെസിഡെൻസ് അസോസിയേഷന്റെ വാർഷിക പൊതുയോഗവും കുടുംബസംഗമവും പ്രതിഭകൾക്കുള്ള ആദരവും സംഘടിപ്പിച്ചു. ആമ്പല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് ബിജു തോമസ് ഉദ്ഘാടനം ചെയ്തു.

പി.ജെ. ജോർജ് അധ്യക്ഷത വഹിച്ചു. എഡ്രാക് മേഖലാ പ്രസിഡന്റ് കെ.എ. മുകുന്ദൻ, ബിനോജ് കാലായിൽ, ഷീജ സതീശൻ, സജി കരുണാകരൻ, ബെന്നി വേഴപ്പറമ്പിൽ, നിസാർ കെ.ഇ., മനീഷ് എന്നിവർ സംസാരിച്ചു.

## പാവക്കുളത്ത് നൃത്തമത്സരം

**കൊച്ചി▸** നവരാത്രി ഉത്സവത്തോടനുബന്ധിച്ച് പാവക്കുളം മഹാദേവക്ഷേത്രത്തിൽ ഒക്ടോബർ 12-ന് നൃത്തമത്സരങ്ങൾ നടക്കും. ഭരതനാട്യം, നാടോടിനൃത്തം എന്നീ ഇനങ്ങളിലാണ് മത്സരം. ഫോൺ: 98959 85889, 97465 81826.

## ഐ.ടി. ജോസഫിന്റെ നാടക ജീവിതത്തിന്റെ ആവിഷ്കാരം


ഐ.ടി. ജോസഫിന്റെ നാടക ജീവിതത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഡോക്യുമെന്ററി പ്രദർശനത്തിന്റെ ഉദ്ഘാടനം കെ.ജെ. മാക്സി എം.എൽ.എ. നിർവഹിക്കുന്നു

**മട്ടാഞ്ചേരി▸** പ്രമുഖ നാടക നടൻ ഐ.ടി. ജോസഫിന്റെ നാടക ജീവിതത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഡോക്യുമെന്ററി പ്രദർശിപ്പിച്ച് തുടങ്ങി. ഇതിനായി സംഘടിപ്പിച്ച സമ്മേളനം കെ.ജെ. മാക്സി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സി.ജെ. ജോൺസൺ അധ്യക്ഷത വഹിച്ചു. കെ.എഫ്. ക്ലീറ്റസ്, കൗൺസിലർ ഷീബ ഡുറോം, കെ.എം. ധർമൻ, ജോർജ് കിളിയാറ, സാലിമോൻ, റോസ് മോഹൻ പൗളി വത്സൻ, ലക്ഷ്മി ദേവി, സി.എസ്. ജോസഫ് തുടങ്ങിയവർ സംസാരിച്ചു. കെ.ജെ. ലിന്നസ് രചനയും സംവിധാനവും നിർവഹിച്ച ഡോക്യുമെന്ററി കൊച്ചി ലോക നാടകവേദിയാണ് നിർമിച്ചത്.

## യൂത്ത് കോൺഗ്രസ് പായസ ചലഞ്ച് നടത്തി


യൂത്ത് കോൺഗ്രസ് പായസ ചലഞ്ച് ഉദ്ഘാടനം ഗ്രാമപ്പഞ്ചായത്ത് അംഗം ഇന്ദിര ധർമരാജൻ നിർവഹിക്കുന്നു

**ചോറ്റാനിക്കര▸** യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റി വയനാട് ദുരന്തബാധിതർക്ക് വീട് നിർമിച്ചുനൽകുന്നതിനായി നടത്തുന്ന ചലഞ്ചിന്റെ ഭാഗമായി ചോറ്റാനിക്കര മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പായസ ചലഞ്ച് നടത്തി.

ഉദ്ഘാടനം ഗ്രാമപ്പഞ്ചായത്ത് മെമ്പർ ഇന്ദിര ധർമരാജൻ നിർവഹിച്ചു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ശ്രീദേവി ശങ്കർ, മുൻ നിയോജകമണ്ഡലം പ്രസിഡന്റ് ജോമോൻ ജോയി, ബ്ലോക്ക് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.കെ. അജി, കെ.കെ. ശ്രീകുമാർ, റോബിൻ തോമസ്, നിബു തോമസ്, ദിവ്യാ ധർമരാജൻ, ഹരിശങ്കർ എന്നിവർ നേതൃത്വം നൽകി.

## പി.എസ്. രശ്മിയെ അനുസ്മരിച്ചു

**കൊച്ചി▸** മാധ്യമപ്രവർത്തകയും ജനയുഗം തിരുവനന്തപുരം ബ്യൂറോ ചീഫുമായിരുന്ന പി.എസ്. രശ്മിയെ എറണാകുളം പ്രസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ അനുസ്മരിച്ചു.

എറണാകുളം പ്രസ് ക്ലബ്ബ് ഹാളിൽനടന്ന അനുസ്മരണയോഗത്തിൽ പ്രസിഡന്റ് ആർ. ഗോപകുമാർ അധ്യക്ഷനായി. ജനയുഗം കൊച്ചി റീജണൽ എഡിറ്റർ ജി. ബാബുരാജ് അനുസ്മരണ പ്രഭാഷണം നടത്തി.

പ്രസ് ക്ലബ് സെക്രട്ടറി എം. ഷജിൽ കുമാർ, ട്രഷറർ അഷ്റഫ് തൈവളപ്പ്, മാധ്യമപ്രവർത്തകരായ ഗീതാകുമാരി, ജലീൽ അരൂക്കുറ്റി എന്നിവർ സംസാരിച്ചു.

## ഗതാഗത നിയന്ത്രണം

**കുമ്പളം▸** കുമ്പളം പഞ്ചായത്തിലെ ചേപ്പനം ബണ്ട് റോഡിൽ 20 മുതൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുമെന്ന് പഞ്ചായത്തധികൃതർ അറിയിച്ചു.

രാഹുൽഗാന്ധിക്കെതിരായ ബി.ജെ.പി. നേതാക്കളുടെ ഭീഷണി

# ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രതിഷേധ പ്രകടനം നടത്തി


രാഹുൽഗാന്ധിക്കെതിരായ ബി.ജെ.പി. നേതാക്കളുടെ ഭീഷണിയിൽ പ്രതിഷേധിച്ച് ഡി.സി.സി.യുടെ നേതൃത്വത്തിൽ നടത്തിയ പ്രകടനം

**കൊച്ചി▸** രാഹുൽഗാന്ധിക്കെതിരായ ബി.ജെ.പി. നേതാക്കളുടെ ഭീഷണിയിൽ പ്രതിഷേധിച്ച് ഡി.സി.സി.യുടെ നേതൃത്വത്തിൽ നടത്തിയ പ്രകടനം കെ.പി.സി.സി. ജനറൽ സെക്രട്ടറി അബ്ദുൽ മുത്തലിബ് ഉദ്ഘാടനം ചെയ്തു. ഡി.സി.സി. പ്രസിഡന്റ് മുഹമ്മദ് ഷിയാസ് അധ്യക്ഷത വഹിച്ചു.

അൻവർ സാദത്ത് എം.എൽ.എ., യു.ഡി.എഫ്. ജില്ലാ ചെയർമാൻ ഡൊമിനിക് പ്രസന്റേഷൻ, നേതാക്കളായ എൻ. വേണുഗോപാൽ, ജയ്സൻ ജോസഫ്, ഐ.കെ. രാജു, എം. ആർ. അഭിലാഷ്, കെ.എം. സലിം, കെ.വി.പി. കൃഷ്ണകുമാർ, കെ.പി. തങ്കപ്പൻ, പി.വി. സജീവൻ, കെ.വി. പോൾ എന്നിവർ നേതൃത്വം നൽകി.

നെട്ടൂർ- അങ്കമാലി ദേശീയപാത വികസനം

# സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവരുടെ യോഗം വിളിച്ച് കർമസമിതി


നെട്ടൂർ-അങ്കമാലി ദേശീയപാത വികസനത്തിൽ വ്യാപാരസ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവരുടെ യോഗത്തിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പുനരധിവാസ കർമസമിതി കൺവീനർ ഷാജഹാൻ അബ്ദുൽ ഖാദർ സംസാരിക്കുന്നു

**നെട്ടൂർ▸** നെട്ടൂർ-അങ്കമാലി ദേശീയപാത വികസനത്തിൽ വ്യാപാരസ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവരുടെ യോഗം വിളിച്ച് കേരള വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ പുനരധിവാസ കർമസമിതി. ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് നടത്തിയ ആദ്യ അലൈൻമെന്റിൽ നെട്ടൂരിലെ 50-ഓളം വ്യാപാര സ്ഥാപനങ്ങൾ പൂർണമായും ഇല്ലാതാകുന്ന പശ്ചാത്തലത്തിലാണിത്.

വ്യാപാരസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 150-ഓളം തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും വഴിയാധാരമാവുകയും ചെയ്യുമെന്ന് യോഗം ചൂണ്ടിക്കാട്ടി. തങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം ലഭിച്ചില്ലെങ്കിൽ ലോൺ എടുത്തിട്ടുള്ള ഭീമമായ തുക അടയ്ക്കാൻ നിവൃത്തിയില്ലാതെ വരുമെന്ന് വ്യാപാരികൾ പറഞ്ഞു.

കർമസമിതിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപവത്കരിച്ചു. കൂടുതൽ വ്യാപാരസ്ഥാപനങ്ങൾ നഷ്ടമാകാത്ത രീതിയിൽ അലൈൻമെന്റ് പുനർനിർണയിക്കുക, വ്യാപാരസ്ഥാപനം നഷ്ടപ്പെടുന്നവർക്ക് മരട് മാർക്കറ്റിൽ ഷോപ്പിങ് കോംപ്ലക്സ് പണിത് പുനരധിവാസം ഉറപ്പാക്കുക, വ്യാപാരസ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു. കേരള വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ പുനരധിവാസ കർമസമിതി കൺവീനർ ഷാജഹാൻ അബ്ദുൽ ഖാദർ സംസാരിച്ചു.

### ഇന്നത്തെ പരിപാടി

- **ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക്** കവിസമ്മേളനം വൈകീട്ട് 3.00, കലാമണ്ഡലം പ്രഭാകരന്റെ പ്രഭാഷണം 5.30, ഓട്ടൻതുള്ളൽ 6.00
- **ദർബാർ ഹാൾ ഗാലറി** ജി. രഘുവിന്റെ സിറാമിക് ശില്പപ്രദർശനം, ലക്ഷ്മീനിവാസ് കളക്ടീവിന്റെ 'സെന്റിയന്റ് ബീയിങ്സ്' കലാപ്രദർശനം 10.00 മുതൽ 7.00 വരെ
- **എ.കെ. ശേഷാദ്രി റോഡ് സഹോദരസൗധം** മാധവ്ജി അനുസ്മരണം വൈകീട്ട് 5.30
- **തൈക്കൂടം സെയ്ന്റ് റാഫേൽസ് പള്ളി** നവനാൾ തിരുക്കർമങ്ങൾ ദിവ്യബലി, നോവേന, പ്രസംഗം. ആരാധന ഫാ. സോബിൻ സ്റ്റാൻലി പള്ളത്ത് വൈകീട്ട് 6.00
- **പറവൂർ ശ്രീധരൻ തന്ത്രി സ്മാരക ഗവേഷണ താന്ത്രിക വിദ്യാപീഠം** നവചാണ്ഡികാ ഹോമം. ദേവീമാഹാത്മ്യ പാരായണം 3.00, സുവാസിനി കുമാരിപൂജ 5.00
- **പറവൂർ വെളുത്താട്ട് വടക്കൻ ചൊവ്വാ ഭഗവതി ക്ഷേത്രം** ഭാഗവത സപ്താഹയജ്ഞം 6.00

### പൊതു അറിയിപ്പ്

എന്റെ കക്ഷിയായ എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, തൃക്കാകര നോർത്ത് വില്ലേജ്, മാനാത്തുപാടം വീട്ടിൽ താമസം, ജയകുമാർ മകൻ വിഷ്ണു. എം ജെ എന്നവരുടെ ഉടമസ്ഥതയിലുള്ള തൃക്കാകര നോർത്ത് വില്ലേജിലെ റീ-സർവ്വേ ബ്ലോക്ക് നമ്പർ 5, റീ-സർവ്വേ നമ്പർ 552/14-2 ൽ പ്പെട്ട 0.75 ആർ വിസ്തീർണ്ണമുള്ള വകകളും, മറ്റ് അവകാശങ്ങളും സഹിതം ഇടപ്പള്ളി സബ് രജിസ്ട്രാർഓഫീസിലെ 1610/2019-ാം നമ്പർ വിലയാധാര പ്രകാരം സിദ്ധിച്ച് ടിയാൻ കൈവശം വച്ച് അനുഭവിച്ച് വരുന്നതാണ്. എന്നാൽ ടി ആധാരത്തിന്റെ മുന്നാധാരങ്ങളായ ഇടപ്പള്ളി സബ് രജിസ്ട്രിയിലെ 533/1998, 4202/1995, പി.ഒ.എ നമ്പർ 225/1997 ആധാരങ്ങളുടെ അസ്സൽ എന്റെ കക്ഷിയിൽ നിന്നും തിരിച്ച് കിട്ടാനാകാത്ത വിധം നഷ്ടപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ അൻപത് രൂപ മൂല്യമുള്ള ES0009966609031162E, ES000919109300131184E & 18AA 251518 എന്നീ സീരിയൽ നമ്പർ സ്റ്റാമ്പ് പേപ്പറിൽ ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭിച്ച ടി ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ പരസ്യ തീയതി മുതൽ അസ്സൽ ആയി കണക്കാക്കുന്നതാണ്. കൂടാതെ ടി വസ്തു ധനകാര്യ സ്ഥാപനങ്ങളിലോ ദേശസാൽകൃത ബാങ്കുകളിലോ പണയപ്പെടുത്താൻ ഉദ്ദേശിക്കുന്നതുമാണ്. ടി വസ്തുവിനെ സംബന്ധിച്ചോ, ടി ആധാരത്തെ സംബന്ധിച്ചോ, ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള മുൻതർക്കമോ അവകാശമോ, ഉള്ളപക്ഷം ഈ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം എന്റെ താഴെ പറയുന്ന വിലാസത്തിൽ രേഖാമൂലം അറിയിക്കേണ്ടതും അല്ലാത്ത പക്ഷം ടി വസ്തുവിനെ സംബന്ധിച്ച് യാതൊരുവിധ ആക്ഷേപങ്ങളും ഇല്ലായെന്ന് അനുമാനിക്കുന്നതുമാണെന്ന് ഇതിനാൽ തെര്യപ്പെടുത്തികൊള്ളുന്നു.

2024-ാം മാണ്ട് സെപ്തംബർ മാസം 19-ാം തീയതി

പി.പി. സുധീർ, അഡ്വക്കേറ്റ്
റൂം നം. എഫ്, സൗത്ത് സ്ക്വയർ ബിൽഡിംഗ്, പനമ്പിള്ളി നഗർ, കൊച്ചി-36
ഫോൺ: 9447222701

LIVE
ക്രിക്കറ്റ്
ഇന്ത്യ-ബംഗ്ലാദേശ് (രാവിലെ 9.30) സ്പോർട്സ് 18, ജിയോ സിനിമ
ഫുട്ബോൾ
ഐ.എസ്.എൽ. ബെംഗളൂരു-ഹൈദരാബാദ് (രാത്രി 7.30), സ്പോർട്സ് 18
ചാമ്പ്യൻസ് ലീഗ്
മൊണാക്കോ-ബാഴ്സലോണ (രാത്രി 12.30), ടെൻ-1
അറ്റ്ലാന്റ-ആഴ്സനൽ (രാത്രി 12.30), ടെൻ-2

# അർജന്റീന വരും

## ചെലവ് 100 കോടി / കളി കൊച്ചിയിൽ

**സ്പോർട്സ് ലേഖകൻ**
തിരുവനന്തപുരം

▸ കേരളത്തിൽ സൗഹൃദമത്സരം കളിക്കാൻ അർജന്റീനാ ഫുട്ബോൾ ടീം എത്തുമെന്ന് ആവർത്തിച്ച് കായികമന്ത്രി വി. അബ്ദുറഹ്മാൻ. മത്സര നടത്തിപ്പിനായി 100 കോടി രൂപ ചെലവുവരുമെന്ന് കണക്കാക്കുന്നതായും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ഫുട്ബോൾ അക്കാദമി തുടങ്ങാൻ അർജന്റീനാ ഫുട്ബോൾ ഫെഡറേഷൻ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും മന്ത്രി മാധ്യമങ്ങളോടുപറഞ്ഞു.

ഇപ്പോൾ കേരളത്തിൽ ഇത്തരം മത്സരം നടത്താൻ കഴിയുന്ന ഏക സ്ഥലം കൊച്ചിയാണ്. മലപ്പുറത്ത് മത്സരം നടത്താൻ ആലോചിച്ചിരുന്നു. അവിടെ ഇരിപ്പിടം കുറവാണ്. കൂടുതലാളുകളെ ഉൾക്കൊള്ളേണ്ടതിനാൽ കൊച്ചി മാത്രമാണ് വേദിയായി പരിഗണിക്കുന്നത്. നവംബർ ആദ്യം അർജന്റീനാ ഫുട്ബോൾ ഫെഡറേഷൻ അധികൃതർ കൊച്ചിയിലെത്തി ഗ്രൗണ്ട് പരിശോധിക്കും. അക്കാദമി തുടങ്ങുന്നതിന്റെ കരാർ നവംബറിൽത്തന്നെ ഒപ്പുവെക്കാനാകുമെന്നും മന്ത്രി അറിയിച്ചു.

ഈ മാസം ആദ്യം സ്പെയിൻ സന്ദർശനവേളയിൽ സൗഹൃദമത്സരം കളിക്കാൻ അർജന്റീനാ ടീമിനെ മന്ത്രി നേരിട്ട് ക്ഷണിച്ചിരുന്നു. അർജന്റീനിയൻ ഫുട്ബോൾ അസോസിയേഷൻ (എ.എഫ്.എ.) പ്രസിഡന്റ് ക്ലോഡിയോ താപിയയുമായി ഇക്കാര്യം ചർച്ചചെയ്തു. 2025-ൽ കേരളത്തിലേക്ക് മത്സരത്തിനെത്താനുള്ള സാധ്യതയാണ് അർജന്റീനാ അസോസിയേഷൻ പരിശോധിക്കുന്നത്.


▸ അർജന്റീനാ ടീം (ഫയൽ ചിത്രം)


▸ 1990 ലോകകപ്പ് സെമിയിൽ അർജന്റീനയ്ക്കെതിരേ ഗോൾ നേടിയ ഷില്ലാച്ചിയുടെ ആഹ്ലാദം

# വിട, ഷില്ലാച്ചി

## 1990 ലോകകപ്പിൽ ഗോൾഡൻ ബൂട്ടും ഗോൾഡൻ ബോളും നേടി

വിട പറഞ്ഞത് ഇറ്റാലിയൻ ഫുട്ബോളിലെ സുവർണ താരം

**മിലാൻ** ▸ ഫുട്ബോൾലോകം ആവേശത്തോടെ 'ടോട്ടോ' എന്നുവിളിച്ച സാൽവദോർ ഷില്ലാച്ചി ഇറ്റലിക്കുവേണ്ടി വളരെ കുറച്ചുകാലംമാത്രമേ കളിച്ചുള്ളൂ. ആകെ 16 മത്സരം, ഇതിൽ ഏഴുഗോൾ. ഫുട്ബോൾലോകത്ത് എക്കാലത്തും ഓർമിക്കപ്പെടാൻ ഷില്ലാച്ചിക്ക് ഇത്രയും മത്സരം മതിയായിരുന്നു. ഇറ്റാലിയൻ ഫുട്ബോളിലെ സുവർണതാരങ്ങളിലൊരാളാണ് ബുധനാഴ്ചരാത്രി അകാലത്തിൽ വിടപറഞ്ഞ സാൽവദോർ ഷില്ലാച്ചി (59). അർബുദബാധിതനായി ചികിത്സയിലിരിക്കെയാണ് അന്ത്യം. 2022-ലാണ് രോഗം സ്ഥിരീകരിച്ചത്.

1990-ൽ ഇറ്റലിയിൽനടന്ന ലോകകപ്പിലെ മാന്ത്രികപ്രകടനം ഷില്ലാച്ചിയെ ലോകഫുട്ബോളിലെ അതുല്യനാക്കിമാറ്റി. ആറുഗോളോടെ ഗോൾഡൻ ബൂട്ടും മികച്ച പ്രകടനത്തോടെ ഗോൾഡൻ ബോളും സ്വന്തമാക്കി. ഇറ്റലി മൂന്നാംസ്ഥാനം നേടിയതിനുപിന്നിൽ മുന്നേറ്റനിരക്കാരനായ ഷില്ലാച്ചിയുടെ മാസ്മരികപ്രകടനം നിർണായകമായി. ഇതിനുപുറമേ രാജ്യത്തിനുവേണ്ടി നേടിയത് ഒരേയൊരു ഗോൾമാത്രം.

1990 ലോകകപ്പിൽ പകരക്കാരനായിറങ്ങി ഓസ്ട്രിയക്കെതിരേയായിരുന്നു ആദ്യഗോൾ. പിന്നീട് ചെക്കോസ്ലൊവാക്യ, യുറഗ്വായ്, അയർലൻഡ് ടീമുകൾക്കെതിരേയും ഗോൾ നേടി. സെമിയിൽ അർജന്റീനയ്ക്കെതിരേ സ്കോർ ചെയ്തെങ്കിലും പെനാൽട്ടി ഷൂട്ടൗട്ടിൽ ഇറ്റലി തോറ്റു. ലൂസേഴ്സ് ഫൈനലിൽ ഇംഗ്ലണ്ടിനെതിരേ ഗോൾ നേടി ടീമിനെ മൂന്നാംസ്ഥാനത്തേക്കു നയിച്ചു.

ക്ലബ്ബ് ഫുട്ബോളിൽ മെസ്സിനയിലൂടെയായിരുന്നു തുടക്കം. യുവന്റസ്, ഇന്റർമിലാൻ, ജുബിലോ ഐവാറ്റ ക്ലബ്ബുകൾക്കായി കളിച്ചു. ആകെ 498 കളിയിൽ 181 ഗോൾ നേടി. യുവന്റസിനൊപ്പം കോപ്പ ഇറ്റാലിയയും യുവേഫ കപ്പും ജയിച്ചു.

ഇന്റർമിലാനൊപ്പവും യുവേഫ കപ്പ് നേടി. ജപ്പാൻ ക്ലബ്ബ് ഐവാറ്റയ്ക്കൊപ്പം ജപ്പാൻ ലീഗും നേടി. 1990-ൽ ബാലൺദ്യോർ പുരസ്കാരത്തിൽ രണ്ടാംസ്ഥാനത്തെത്തി. ക്ലബ്ബ് ഫുട്ബോളിലും ദേശീയടീമിലും റോബർട്ടോ ബാജിയോക്കൊപ്പം മുന്നേറ്റത്തിൽ മികച്ച കൂട്ടുകെട്ട് രൂപപ്പെടുത്താൻ ഷിലാച്ചിക്ക് കഴിഞ്ഞു. ഇക്കഴിഞ്ഞ ഖത്തർ ലോകകപ്പ് സമയത്ത് സെലിബ്രിറ്റി ഷോയുടെ ഭാഗമായി ഷില്ലാച്ചി ഇന്ത്യയിൽ പര്യടനം നടത്തിയിരുന്നു. ഇതിന്റെഭാഗമായി കേരളത്തിലെത്തിയപ്പോൾ കലാമണ്ഡലവും വടക്കുംനാഥക്ഷേത്രവും സന്ദർശിച്ചിരുന്നു.

# സച്ചിനാനന്ദം

**മാൻ ഓഫ് ദ ടൂർണമെന്റ്**
ഷറഫുദ്ദീൻ (ഏരീസ് കൊല്ലം, 120 റൺസ്, 19 വിക്കറ്റ്)
**എമർജിങ് പ്ലേയർ**
അഹമ്മദ് ഇമ്രാൻ (തൃശ്ശൂർ ടൈറ്റൻസ്)
**ഓറഞ്ച് ക്യാപ്**
സച്ചിൻ ബേബി (528 റൺസ്)
**പർപ്പിൾ ക്യാപ്**
അഖിൽ സ്കറിയ (25 വിക്കറ്റ്)

## കേരളാ ക്രിക്കറ്റ് ലീഗ് കിരീടം ഏരീസ് കൊല്ലം സെയിലേഴ്സിന്

- ഫൈനലിൽ കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസിനെ ആറുവിക്കറ്റിന് തോൽപ്പിച്ചു
- സച്ചിൻ ബേബി (54 പന്തിൽ 105*) വിജയശിൽപ്പി, ടൂർണമെന്റിലെ രണ്ടാം സെഞ്ചുറി

**രാകേഷ് കെ. നായർ**
തിരുവനന്തപുരം

▸ കേരള ക്രിക്കറ്റ് ലീഗിലെ ഏറ്റവുമുയർന്ന രണ്ടാമത്തെ സ്കോർ കുറിച്ചിട്ടും കിരീടവഴിയിൽ കാലിക്കറ്റിന് കാലിടറി. പ്രഥമ കേരള ക്രിക്കറ്റ് ലീഗിൽ ഏരീസ് കൊല്ലം സെയിലേഴ്സ് വിജയതീരമണഞ്ഞു. ഫൈനലിൽ കാലിക്കറ്റിനെ തോൽപ്പിച്ചത് ആറുവിക്കറ്റിന്.

കൂറ്റൻ ലക്ഷ്യം മുന്നിലുണ്ടായിരുന്നിട്ടും പതറാതെ ബാറ്റുവീശി സെഞ്ചുറികുറിച്ച ക്യാപ്റ്റൻ സച്ചിൻ ബേബിയാണ് (54 പന്തിൽ 105 നോട്ടൗട്ട്) വിജയശില്പി. വൺഡൗണായി ക്രീസിലെത്തിയ സച്ചിന്റെ ഇന്നിങ്സിൽ ഏഴു സിക്സും എട്ടു ഫോറുമുണ്ട്. **സ്കോർ:** കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസ് 20 ഓവറിൽ ആറുവിക്കറ്റിന് 213. ഏരീസ് കൊല്ലം സെയിലേഴ്സ് 19.1 ഓവറിൽ നാലിന് 214.

അവസാന ഓവറിൽ കൊല്ലത്തിന് ജയിക്കാൻ വേണ്ടിയിരുന്നത് അഞ്ചുറൺസ്. അഖിൽദേവ് എറിഞ്ഞ ഓവറിലെ ആദ്യപന്ത് വൈഡായി. രണ്ടാംപന്തിൽ ബൗണ്ടറിപായിച്ച് സച്ചിൻതന്നെ വിജയറൺ കുറിച്ചു.

കൂറ്റൻ സ്കോർ പിന്തുടർന്ന കൊല്ലം ഒന്നാം ഓവർതൊട്ട് അടിച്ചുകളിച്ചു. ഓപ്പണർ അഭിഷേക് നായരും (16 പന്തിൽ 25), അരുൺ പൗലോസും (ആറുപന്തിൽ 13) ചേർന്ന് 17 പന്തിൽ 29 റൺസുചേർത്ത് ലക്ഷ്യം വ്യക്തമാക്കി. അരുൺ മടങ്ങി സച്ചിൻ ബേബി എത്തിയതോടെ റൺസ് ഒഴുകി. മൂന്നാംവിക്കറ്റിൽ വത്സൽ ഗോവിന്ദും (27 പന്തിൽ 45) സച്ചിനും ചേർന്ന് 10.1 ഓവറിൽ 114 റൺസടിച്ച് വിജയതീരത്തെത്തിച്ചു. ടോസ് നേടിയ കൊല്ലം ഫീൽഡിങ് തിരഞ്ഞെടുത്തു. മുൻനിര ബാറ്റർമാരായ രോഹൻ കുന്നുമ്മൽ (26 പന്തിൽ 51), അഖിൽ സ്കറിയ (30 പന്തിൽ 50), എം. അജ്നാസ് (24 പന്തിൽ 56) എന്നിവരുടെ അർധസെഞ്ചുറികളാണ് കാലിക്കറ്റിനെ മികച്ച ടോട്ടലിൽ എത്തിച്ചത്.


▸ കേരള ക്രിക്കറ്റ് ലീഗ് കിരീടം നേടിയ ഏരീസ് കൊല്ലം സെയിലേഴ്സ് ടീം |ഫോട്ടോ: ബിജു വർഗീസ്



▸ മോഹൻലാലിനൊപ്പം ആഹ്ലാദം പങ്കിടുന്ന സച്ചിൻ ബേബി

അഞ്ചാം ഓവറിൽ ഓപ്പണർ ഒമർ അബൂബക്കർ (10) മിഥുന്റെ പന്തിൽ വിക്കറ്റിനുമുന്നിൽ കുരുങ്ങി. തുടർന്നെത്തിയ അഖിൽ സ്കറിയയുമായിച്ചേർന്ന് ക്യാപ്റ്റൻ രോഹൻ കുന്നുമ്മൽ മികച്ച കൂട്ടുകെട്ട് ഉണ്ടാക്കി. 11 ഓവറിൽ ടീം 100 തികച്ചു. അഖിൽ സ്കറിയ മൂന്ന് സിക്സും നാല് ഫോറും നേടി. രോഹന്റെ ഇന്നിങ്സിൽ രണ്ടു സിക്സും ഏഴു ഫോറുമുണ്ട്. അജ്നാസ് നാലു സിക്സും അഞ്ചു ഫോറും നേടി. സൽമാൻ നിസാർ 17 പന്തിൽ 24 റൺസെടുത്തു. കൊല്ലത്തിന്റെ എൻ.പി. ബേസിൽ മൂന്ന് ഓവറിൽ 48 റൺസ് വഴങ്ങി. എസ്. മിഥുൻ, അമൽ എ.ജി. എന്നിവർ രണ്ടുവിക്കറ്റ് വീതം നേടി.

ഫൈനലിൽ കെ.സി.എൽ. ബ്രാൻഡ് അംബാസഡർ മോഹൻലാൽ മുഖ്യാതിഥിയായി. മുൻ ഇന്ത്യൻ താരം ശ്രീശാന്ത് ട്രോഫി അനാവരണം ചെയ്തു. ഫൈനലിന് പതിനാലായിരത്തോളം കാണികൾ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെത്തി.

### സച്ചിൻ മാജിക്

**തിരുവനന്തപുരം** ▸ സെഞ്ചുറിയുമായി ക്യാപ്റ്റൻ സച്ചിൻബേബി മുന്നിൽനിന്ന് നയിച്ചതോടെ, കാലിക്കറ്റ് ഉയർത്തിയ റൺമല ഏരീസ് കൊല്ലം സെയിലേഴ്സിന് നിസ്സാരമായി. കൂറ്റൻ സ്കോർ പിന്തുടർന്ന സച്ചിൻ ഒരു ഘട്ടത്തിലും സമ്മർദത്തിനടിപ്പെട്ടില്ല. 54 പന്തിൽ 105 റൺസുമായി കൊല്ലത്തിന് കിരീടം നേടിക്കൊടുത്ത സച്ചിൻ മാൻ ഓഫ് ദ മാച്ചുമായി. ഇന്നിങ്സിൽ ഏഴ് സിക്സും എട്ട് ഫോറുമുണ്ട്. അവസാന ഓവറിലെ ആദ്യ പന്ത് ബൗണ്ടറി പായിച്ച് ക്യാപ്റ്റൻ ടീമിനെ ചാമ്പ്യരുമാക്കി. സ്കോർ 29-ൽ നിൽക്കെ ആദ്യ വിക്കറ്റ് നഷ്ടമായെങ്കിലും സച്ചിന്റെ നിശ്ചയദാർഢ്യത്തിനുമുന്നിൽ കാലിക്കറ്റിന് അടിപതറി. ടൂർണമെന്റിൽ സച്ചിന്റെ രണ്ടാം സെഞ്ചുറിയാണിത്. നാല് അർധസെഞ്ചുറിയും നേടി. കൊച്ചിൻ ബ്ലൂ ടൈഗേഴ്സിനെതിരേയായിരുന്നു ആദ്യ സെഞ്ചുറി (50 പന്തിൽ 105). സെമിഫൈനലിൽ തൃശ്ശൂരിനെതിരായ വിജയത്തിലും സച്ചിന്റെ ഇന്നിങ്സ് (49 പന്തിൽ 83*) പ്രധാനമായി. ആകെ 528 റൺസ് നേടിയ സച്ചിൻ ടൂർണമെന്റിലെ ടോപ് സ്കോററുമായി. കാലിക്കറ്റിന്റെ അഖിൽ സ്കറിയ (25 വിക്കറ്റ്) വിക്കറ്റ് നേട്ടത്തിൽ മുന്നിലെത്തി. ഏറെക്കാലം കേരള ടീമിനെ നയിച്ച സച്ചിൻ തൊടുപുഴ സ്വദേശിയാണ്.


▸ സെഞ്ചുറി തികച്ച സച്ചിൻ ബേബി

# ഗംഭീരമാകട്ടെ...

## ഇന്ത്യ-ബംഗ്ലാദേശ് ഒന്നാം ടെസ്റ്റ് രാവിലെ 9.30 മുതൽ

**ചെന്നൈ** ▸ ഇന്ത്യൻ കോച്ചായി സ്ഥാനമേറ്റെടുത്ത ഗൗതം ഗംഭീറിന് പരിശീലകകരിയറിലെ ആദ്യടെസ്റ്റ്. ഐ.സി.സി. ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ പോയിന്റുപട്ടികയിൽ ഒന്നാമതുള്ള ഇന്ത്യക്ക് ലീഡുയർത്താനുള്ള അവസരം. ബംഗ്ലാദേശിനാകട്ടെ, ഈയിടെ പാകിസ്താനെതിരേ നേടിയ വിജയം തുടരാനുള്ള ആവേശവും. ഇന്ത്യ-ബംഗ്ലാദേശ് ടെസ്റ്റ് പരമ്പരയിലെ ആദ്യമത്സരത്തിന് വ്യാഴാഴ്ച രാവിലെ ഇറങ്ങുമ്പോൾ ഇരുടീമുകളുടെയും വഴികൾ വ്യത്യസ്തമാണെങ്കിലും ലക്ഷ്യം ഒന്നുതന്നെയാണ് -വിജയം. മത്സരം രാവിലെ 9.30 മുതൽ ചെന്നൈയിൽ.

ആറുമാസത്തിനുശേഷമാണ് ഇന്ത്യ ടെസ്റ്റ് മത്സരത്തിനിറങ്ങുന്നത്. ഈയിടെ പാകിസ്താനെതിരായ ടെസ്റ്റ് പരമ്പര 2-0ത്തിന് ജയിച്ച ആവേശത്തിലാണ് ബംഗ്ലാദേശ് വരുന്നത്. ബാറ്റിങ്ങിൽ ക്യാപ്റ്റൻ രോഹിത് ശർമ, യശസ്വി ജയ്സ്വാൾ എന്നിവർ ഓപ്പണർമാരായി ഇറങ്ങുമ്പോൾ ശുഭ്മാൻ ഗിൽ, വിരാട് കോലി, കെ.എൽ. രാഹുൽ, ഋഷഭ് പന്ത് എന്നിവർ തുടർന്നുള്ള സ്ഥാനങ്ങളിലെത്തും. അപകടത്തിൽ പരിക്കുപറ്റി ചികിത്സയിലായിരുന്ന ഋഷഭ് പന്തിന് ഇടവേളയ്ക്കുശേഷം ആദ്യടെസ്റ്റാണിത്. സ്പിന്നിനെ തുണയ്ക്കുമെന്നു കരുതുന്ന പിച്ചിൽ മൂന്നു സ്പിന്നർ-രണ്ടു പേസർ എന്ന രീതിയിൽ കളിക്കാൻ സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ ആർ. അശ്വിൻ, രവീന്ദ്ര ജഡേജ എന്നിവർക്കൊപ്പം കുൽദീപ് യാദവിനും സാധ്യതയുണ്ട്. ജസ്പ്രീത് ബുംറ, മുഹമ്മദ് സിറാജ് എന്നിവർ പേസ് നിരയിലുണ്ടാകും. നജ്മുൽ ഹൊസൈൻ ഷാന്റോ നയിക്കുന്ന ബംഗ്ലാദേശ് ടീമിലെ സ്പിന്നർമാരായ മെഹ്ദി ഹസ്സൻ മിറാസ്, ഷാകിബ് അൽ ഹസ്സൻ, തൈജുൽ ഇസ്ലാം എന്നിവരെ ഇന്ത്യ നേരിടുന്നത് എങ്ങനെയെന്നത് പ്രധാനമാകും.


▸ ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ, വിരാട് കോലി, കോച്ച് ഗൗതം ഗംഭീർ എന്നിവർ പരിശീലനത്തിനിടെ

# റയൽ, ബയേൺ തുടങ്ങി

## ചാമ്പ്യൻസ് ലീഗിൽ ലിവർപൂളിനും യുവന്റസിനും വിജയം

**മഡ്രിഡ്** ▸ ചാമ്പ്യൻസ് ലീഗ് ഫുട്ബോളിന്റെ പുതിയ സീസണിൽ വമ്പൻടീമുകൾ ജയത്തോടെ തുടക്കമിട്ടു. റയൽ മഡ്രിഡ്, ബയേൺ മ്യൂണിക്, ലിവർപൂൾ, യുവന്റസ് ടീമുകൾ ആദ്യകളിയിൽ ജയം നേടി. അതേസമയം എ.സി. മിലാൻ തോൽവിയറിഞ്ഞു.

സ്പാനിഷ് കരുത്തരായ റയൽ മഡ്രിഡ് ജർമൻ ക്ലബ്ബ് വി.എഫ്.ബി. സ്റ്റുട്ട്ഗർട്ടിനെ തോൽപ്പിച്ചു (3-1). കിലിയൻ എംബാപ്പെ (46), അന്റോണിയോ റുഡിഗർ (83), എൻഡ്രിക് (90+5) എന്നിവർ റയലിനായി ഗോൾ നേടി. ഡെന്നിസ് ഉൻഡാവ് (68) സ്റ്റുട്ട്ഗർട്ടിനായി ലക്ഷ്യം കണ്ടു.

മുൻ ചാമ്പ്യരായ ബയേൺ മ്യൂണിക് ഡൈനാമോ സെഗ്രബിനെ തകർത്തു (9-2). സൂപ്പർതാരം ഹാരി കെയ്ൻ നാലുഗോൾ നേടി. ഇതിൽ മൂന്നെണ്ണം പെനാൽട്ടിയിൽനിന്നായിരുന്നു. 19, 57, 73, 78 മിനിറ്റുകളിലായിരുന്നു ഗോളുകൾ. മൈക്കൽ ഒലിസി (36, 61) ഇരട്ട ഗോൾ നേടി. റാഫേൽ ഗുയ്റേറിയോ (33), ലിറോയ് സാനെ (85), ലിയോൺ ഗൊരെറ്റ്സ്കെ (90) എന്നിവരും ഗോൾ നേടി. ബ്രൂണോ പെറ്റ്കോവിച്ച് (49), തുകുയ ഒഗിവാര (50) എന്നിവർ സെഗ്രബിനായി ലക്ഷ്യം കണ്ടു.

കരുത്തരുടെ പോരാട്ടത്തിൽ ലിവർപൂൾ എ.സി. മിലാനെ തോൽപ്പിച്ചു (3-1). ഇബ്രാഹിമ കൊനാറ്റ (23), വിർജിൽ വാൻഡെയ്ക് (41), ഡൊമിനിക് ഷോബോസ്ലായ് (67) എന്നിവർ ലിവർപൂളിനായി ഗോൾ നേടി. ക്രിസ്റ്റ്യൻ പുലിസിച്ച് (മൂന്ന്) മിലാനായി സ്കോർ ചെയ്തു.

യുവന്റസ് 3-1 ന് പി.എസ്.വി. ഐന്തോവനെ കീഴടക്കി. കെനൻ യിൽഡിസ് (21), വെസ്റ്റൺ മാക് കെന്നി (27), നിക്കോളാസ് ഗോൺസാലസ് (52) എന്നിവർ യുവന്റസിനായി ഗോൾ നേടി. ഇസ്മായിൽ സയ്ബരി (90) പി.എസ്.വി. യുടെ ഗോൾ കണ്ടെത്തി. മറ്റു കളികളിൽ ആസ്റ്റൺ വില്ല യങ്ബോയ്സിനെയും (3-0) സ്പോർട്ടിങ് ലിസ്ബൺ ലില്ലിനെയും (2-0) തോൽപ്പിച്ചു.


▸ ബയേൺ മ്യൂണിക്കിനുവേണ്ടി ഗോൾനേടിയ ഹാരി കെയ്ൻ

### കുതിപ്പുതുടർന്ന് ഇന്ത്യ

**ബുഡാപെസ്റ്റ്** ▸ ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യൻടീമുകൾ മുന്നേറ്റം തുടരുന്നു. ഏഴാം റൗണ്ടിലും പുരുഷ-വനിതാ ടീമുകൾ ജയംനേടി. പുരുഷവിഭാഗത്തിൽ ചൈനയെയും (2.5-1.5) വനിതാവിഭാഗത്തിൽ ജോർജിയയെയും തോൽപ്പിച്ചു (3-1). പുരുഷവിഭാഗത്തിൽ ഡി. ഗുകേഷ് ജയം നേടിയപ്പോൾ അർജുൻ എരിഗാസി, ആർ. പ്രഗ്നാനന്ദ, ഹരികൃഷ്ണ എന്നിവർ സമനിലയിൽ കുരുങ്ങി.

വനിതാവിഭാഗത്തിൽ ആർ. വൈശാലി, വന്തിക അഗർവാൾ എന്നിവർ ജയംനേടി. ഹരിക ദ്രോണവല്ലി, ദിവ്യ ദേശ്മുഖ് എന്നിവർ സമനിലപിടിച്ചു.

### വാട്ടർപോളോ: കേരളത്തിന് വിജയത്തുടക്കം

**തിരുവനന്തപുരം** ▸ ദേശീയ വാട്ടർപോളോ, ഡൈവിങ് ചാമ്പ്യൻഷിപ്പിൽ കേരള പുരുഷ ടീമിന് വിജയത്തുടക്കം. ഡി ഗ്രൂപ്പിലെ ആദ്യമത്സരത്തിൽ കർണാടകയെ തോൽപ്പിച്ചു (17-8). ഇതേ ഗ്രൂപ്പിൽ കരുത്തരായ മഹാരാഷ്ട്ര മണിപ്പൂരിനെ തകർത്തു (18-1). കേരള വനിതാ ടീം വ്യാഴാഴ്ച ആദ്യമത്സരത്തിന് ഇറങ്ങും. ചാമ്പ്യൻഷിപ്പ് എ.എ. റഹീം എം.പി. ഉദ്ഘാടനംചെയ്തു.

# സമനിലക്കളി

SUPERLEAGUE KERALA

കാലിക്കറ്റ് എഫ്.സി. 1 | ഫോഴ്സ കൊച്ചി 1

**കെ.പി. ഷൗക്കത്തലി**
കോഴിക്കോട്

▸ സ്വന്തം തട്ടകത്തിലെ ത്രസിപ്പിക്കുന്ന പോരാട്ടത്തിനൊടുവിൽ സമനില വഴങ്ങി കാലിക്കറ്റ് എഫ്.സി. സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഫോഴ്സ കൊച്ചിയാണ് കാലിക്കറ്റിനെ തളച്ചത് (1-1). 42-ാം മിനിറ്റിൽ കാലിക്കറ്റ് എഫ്.സി.ക്കുവേണ്ടി ഗനി അഹമ്മദ് നിഗം ലീഡ് നേടി.

രണ്ടാം പകുതിയിൽ പകരക്കാരനായിറങ്ങിയ ദക്ഷിണാഫ്രിക്കൻ താരം എൻഗുബോ പെഫല്ലോ സിയാൻഡ (72) ഫോഴ്സ കൊച്ചിക്കുവേണ്ടി സമനില ഗോൾ കണ്ടെത്തി. ലീഗിൽ കാലിക്കറ്റിന്റെ രണ്ടാം സമനിലയാണ്. മൂന്ന് കളിയിൽനിന്ന് അഞ്ച് പോയിന്റുമായി ടീം ഒന്നാമതാണ്. മൂന്ന് കളിയിൽനിന്ന് രണ്ട് സമനിലയും ഒരു തോൽവിയുമാണ് ഫോഴ്സയ്ക്കുള്ളത്. കൊച്ചി ടീമിന് ആദ്യജയത്തിനായി ഇനിയും കാത്തിരിക്കണം.

കളിയുടെ ആദ്യപകുതിയിൽ കൂടുതലും ഫോഴ്സയായിരുന്നു മുന്നേറ്റം നടത്തിയത്. പലതവണ ഗോൾമുഖം ആക്രമിക്കപ്പെട്ടതോടെ കാലിക്കറ്റ് എഫ്.സി. പ്രതിരോധത്തിലേക്കു നീങ്ങി.

എന്നാൽ, 42-ാം മിനിറ്റിൽ കളിഗതിക്കെതിരേ ഗനിയുടെ ഗോൾവന്നു. ജിജോ ജോസഫ് നൽകിയ പാസിൽനിന്ന് ഗനിയുടെ മഴവിൽകിക്ക് ഫോഴ്സയുടെ വലയിലേക്കു വീണു. രണ്ടാം പകുതിയിൽ കൊച്ചി ആക്രമണം കടുപ്പിച്ചു. പരിശീലകൻ മാരിയോ ലിമോസ് നടത്തിയ രണ്ടു മാറ്റങ്ങൾ ടീമിന് ഗുണം ചെയ്തു. മിഡ്ഫീൽഡർ കമാൽ പ്രീത് സിങ്ങിനെയും ദക്ഷിണാഫ്രിക്കൻ മുന്നേറ്റതാരം സിയാൻഡയെയും ഇറക്കിയത്. കമാൽപ്രീതിന്റെ ഫ്രീകിക്കിൽ നിന്നുവന്ന പന്തിനെ തകർപ്പൻ ഹെഡറിലൂടെ കാലിക്കറ്റ് വലയിലെത്തിച്ചാണ് സിയാൻഡ ഫോഴ്സയുടെ സമനില ഗോൾ കണ്ടെത്തിയത്.


▸ സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ബുധനാഴ്ച കാലിക്കറ്റ് എഫ്.സി.ക്കെതിരേ ഫോഴ്സാ കൊച്ചിയുടെ നൂബാ സിയാൻഡ ഹെഡ്ഡറിലൂടെ സമനിലഗോൾ നേടുന്നു |ഫോട്ടോ: കെ.കെ. സന്തോഷ്

### ബാഡ്മിന്റൺ: മാളവികയ്ക്ക് ജയം

**ചാങ്ഷൗ** ▸ ചൈന ഓപ്പൺ സൂപ്പർ 100 ബാഡ്മിന്റണിൽ തകർപ്പൻ ജയവുമായി ഇന്ത്യയുടെ മാളവികാ ബൻസോദ്. വനിതാ സിംഗിൾസിലെ ആദ്യമത്സരത്തിൽ ഇൻഡൊനീഷ്യയുടെ മുൻനിര താരം ഗ്രിഗോറിയ മരിസ്ക തുൻജുങ്ങിനെ അട്ടിമറിച്ചു (26-24, 21-19). ലോക റാങ്കിങ്ങിൽ ഏഴാംസ്ഥാനക്കാരിയായ ഗ്രിഗോറിയ ഇക്കഴിഞ്ഞ പാരീസ് ഒളിമ്പിക്സിലെ വെങ്കലമെഡൽ ജേതാവാണ്. റാങ്കിങ്ങിൽ 43-ാം സ്ഥാനത്തുള്ള മാളവികയുടെ കരിയറിലെ ഏറ്റവും മികച്ച വിജയമാണിത്.


മാളവികാ ബൻസോദ്

### റിക്കി പോണ്ടിങ് പഞ്ചാബ് കിങ്സിന്റെ പരിശീലകൻ

**ന്യൂഡൽഹി** ▸ ഐ.പി.എൽ. ടീമായ പഞ്ചാബ് കിങ്സിന്റെ പരിശീലകനായി ഓസ്ട്രേലിയൻ ക്രിക്കറ്റ് ഇതിഹാസം റിക്കി പോണ്ടിങ് ചുമതലയേറ്റു. നാലുവർഷത്തെ കരാറിലാണ് നിയമനം. നേരത്തേ ഡൽഹി ക്യാപിറ്റൽസിന്റെ കോച്ചായിരുന്ന പോണ്ടിങ് കഴിഞ്ഞ സീസണിനൊടുവിൽ ടീം വിട്ടിരുന്നു. മറ്റൊരു ഓസ്ട്രേലിയൻ താരം ട്രെവർ ബെയ്ലിസിന്റെ പിൻഗാമിയായാണ് പഞ്ചാബ് ടീമിലെത്തുന്നത്.


റിക്കി പോണ്ടിങ്

## സി.എ.എഫ്. ജവാൻ രണ്ടു സഹപ്രവർത്തകരെ വെടിവെച്ചുകൊന്നു

**ബൽരാംപുർ ▸** ഛത്തീസ്ഗഢിലെ ബൽരാംപുർ ജില്ലയിൽ ക്യാമ്പിൽ വെച്ച് സി.എ.എഫ്. (ഛത്തീസ്ഗഢ് ആംഡ് ഫോഴ്സ്) ജവാൻ രണ്ടു സഹപ്രവർത്തകരെ വെടിവെച്ചു കൊന്നു. രണ്ടുപേർക്ക് പരിക്കേറ്റു.

തലസ്ഥാനമായ റായ്പുരിൽ നിന്ന് 400 കിലോമീറ്റർ അകലെ സമ്രി പാത് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ക്യാമ്പിൽ ബുധനാഴ്ച രാവിലെ 11-ഓടെയായിരുന്നു സംഭവം. കോൺസ്റ്റബിളായ അജയ് സിദാർ സർവീസ് തോക്ക് ഉപയോഗിച്ച് സഹപ്രവർത്തകർക്കുനേരേ വെടിയുതിർക്കുകയായിരുന്നു.

കോൺസ്റ്റബിൾമാരായ രൂപേഷ് പട്ടേൽ, സന്ദീപ് പാണ്ഡെ എന്നിവരാണ് കൊല്ലപ്പെട്ടത്. വെടിയൊച്ച കേട്ടെത്തിയ മറ്റു ജവാന്മാർ അജയ്യെ പിടികൂടി.

## നുഴഞ്ഞുകയറാൻ ശ്രമിച്ച പാക് പൗരനെ ബി.എസ്.എഫ്. വധിച്ചു

**അമൃത്സർ ▸** പഞ്ചാബിലെ അമൃത്സറിൽ അന്താരാഷ്ട്ര അതിർത്തിയിലൂടെ ഇന്ത്യയിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിച്ച പാകിസ്താൻ പൗരനെ ബി.എസ്.എഫ്. വധിച്ചു. തിങ്കളാഴ്ച രാത്രി ഒൻപതോടെ രതൻഖുർദ് ഗ്രാമത്തിലാണ് സംഭവം. ഒരാൾ അതിർത്തിപ്രദേശത്തേക്ക് വരുന്നതുകണ്ട ബി.എസ്.എഫ്. ഉദ്യോഗസ്ഥർ വെടിയുതിർത്തു. എന്നാൽ, ഇയാൾ പിന്തിരിഞ്ഞില്ല. ഇതോടെ വെടിവെച്ചു വീഴ്ത്തുകയായിരുന്നു. മൃതദേഹം പഞ്ചാബ് പോലീസിന് കൈമാറി.

# ഒരു രാജ്യം ഒറ്റ തിരഞ്ഞെടുപ്പ്: ഫെഡറൽ സംവിധാനത്തെ തകർക്കും -കെ. സുധാകരൻ

**തിരുവനന്തപുരം ▸** ഒരു രാജ്യം ഒറ്റ തിരഞ്ഞെടുപ്പെന്ന ആശയം രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെയും പാർലമെന്ററി ജനാധിപത്യത്തെയും തകർക്കുമെന്ന് കെ.പി.സി.സി. പ്രസിഡന്റ് കെ. സുധാകരൻ എം.പി. പറഞ്ഞു. ഇന്ത്യയുടെ ജനാധിപത്യ വൈവിധ്യത്തെ സംരക്ഷിക്കാൻ അന്നത്തെ ദേശീയനേതാക്കൾ കണ്ടെത്തിയ മാർഗമായിരുന്നു വിവിധഘട്ടങ്ങളായുള്ള തിരഞ്ഞെടുപ്പ്.

ലോക്സഭാ തിരഞ്ഞെടുപ്പ് തിരിച്ചടിയിൽ നിന്ന് പാഠം പഠിക്കാതെ വീണ്ടും ജനാധിപത്യവിരുദ്ധ നടപടികളാണ് മോദിസർക്കാർ പിന്തുടരുന്നത്. ബിൽ പാർലമെന്റിലെത്തുമ്പോൾ കോൺഗ്രസ് എതിർക്കുമെന്നും സുധാകരൻ പറഞ്ഞു.

## സംഘപരിവാറിന്റേത് വെല്ലുവിളി -സതീശൻ

▸ എല്ലാ നിയന്ത്രണവും തങ്ങളിലേക്ക് കൊണ്ടുവരാനുള്ള നീക്കമാണ് ഒറ്റ തിരഞ്ഞെടുപ്പിലൂടെ മോദിയും സംഘപരിവാറും ലക്ഷ്യമിടുന്നതെന്നും രാജ്യത്തോടുള്ള വെല്ലുവിളിയാണിതെന്നും പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ. ഇത് ഇന്ത്യൻ ജനാധിപത്യത്തിൽ പ്രായോഗികമല്ല. ജനവികാരത്തിന് വഴങ്ങി തുഗ്ലക്ക് പരിഷ്കാരത്തിൽനിന്ന് കേന്ദ്രത്തിന് പിന്തിരിയേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു.

## പ്രായോഗികമല്ല -ശശി തരൂർ

▸ ഒരു രാജ്യം ഒറ്റ തിരഞ്ഞെടുപ്പ് പ്രായോഗികമല്ലെന്ന് ശശി തരൂർ എം.പി. കേന്ദ്രം മാത്രം വിചാരിച്ചാൽ ഇത് നടക്കില്ല. ഭരണഘടനാ ഭേദഗതികളും, സംസ്ഥാനങ്ങളുടെ പിന്തുണയും വേണമെന്നും തരൂർ പറഞ്ഞു.







RNI Reg. No. 5981/1962 Book: 63 No. 138 Printed and Published by M.V. Shreyams Kumar for The Mathrubhumi Printing & Publishing Company Limited, Kozhikode printed at The Mathrubhumi Press, XII/13 F, Manjummal, Udyogamandal P.O., Eloor, Ernakulam-683 501, published from The Mathrubhumi Press, XII/13 F, Manjummal, Udyogamandal P.O., Eloor, Ernakulam-683 501. Managing Editor: P.V. Chandran. Editor : Manoj K Das (Responsible for Selection of News under PRB Act) Mob: 85920 12000, Circulation : (0484) 2882201 (9am to 6pm) , Advertisement : 9895033003 (9am to 6pm) , Phone: (0484) 2884200 E-mail: mbichn@mpp.co.in

